*Managing Editor A. K, Sarma, Perassery.*

# DHARMA DHEERAN.

## ധർമ്മധീരൻ.

"ഉണരുവിനഖിലേശനെ സ്മരിപ്പിൻ;
ക്ഷണമെഴുന്നേല്പിനനീതിയോടെതിർപ്പിൻ!!

പുസ്തകം ൧ { കോട്ടയം ൧൦൭൭ വൃശ്ചികം { ലക്കം ൧൦

### വിഷയവിവരം


൧. ഐക്യഗാഥ. (അംശി. നാരായണപിള്ള മഹാത്മാപത്രാധിപർ)

൨. വീണ്ടും വിട്ടതിതന്നെ. (കെ. വി. കേശവൻ ബി. എ.)

൩. കൊച്ചമ്മമാരോട് രണ്ടുവാക്ക്.
(കെ. കെ. കൈമൾ മണലൂർ, സാഹിത്യക്കുതുരിപത്രാധിപർ)

൪. ഈഴവൻ അവന്റെ ജാതിയും മതവും മാറണം.
(ററി. കെ. കിട്ടൻ കോട്ടയം)

൫. പ്രകൃതാവശേഷൻ. (കുമരകം പി. എൻ. പണിക്കർ)

൬. കവിഭാരതം. (സരസകവി മൂലൂർ)

൭. ഞാൻ കേട്ട സംഭാഷണം. (കെ. സി. കുട്ടൻ [illegible])

൮. ഈഴവസമുദായവും ചില സമുദായനേതാക്കന്മാരും.
കെ. കെ. പണിക്കർ ബി. എ. ബി. എൽ

൯. സമുദായദ്രോഹമാ സംപാദ്യ ലാഭോ

൧൦. ഈഴവന്റെ രക്ഷാമാർഗ്ഗം.

പുസ്തകം

എഞ്ചിത
ന്നഞ്ചിത
മഞ്ഞനി
സഞ്ജനി
കല്യാണ
ഗദ്യമണി
പ്രേമത്തേ
ഹേമക്കര
മാരുതൻ
ത്താരുന്ന
ത്തുമലർ
കോറമയ
വണ്ടുകറ
നണ്ടുഗമ
പൂംപരാ
പൂക്കളി
തങ്ങടെ
മംഗളസ
വാനിൽ

# ധൎമ്മധീരൻ.

പുസ്തകം ൧. } കോട്ടയം-൧൦൯൦ വൃശ്ചികം { ലക്കം ൧൦

## ഐക്യഗാഥ.

(അംശി നാരായണപിള്ള.)

1

എഞ്ചിത്തമഞ്ചാത്തുണൎന്നുക്കൊപ്പമ-
ന്നഞ്ചിതപുഞ്ചിരി തൂകിനിന്നു.
മഞ്ഞനിറമാൎന്നുള്ളവസനത്തെ
സഞ്ജനിതാഹ്ലാദം കയ്യിലേന്തി
കല്യാണകൎയ്യോദയമാൎന്ന ഭാനുമാം-
ഗല്യമണിയിപ്പൂ ദിഗ്ദേവിയെ
പ്രേമത്തോടമ്മങ്കപൊൻനീരദാഹാര
ഹേമക്കതിരോനും ചാൎത്തിടുന്നു.
മാരുതൻമന്ദമായ്മൊട്ടിടപ്പൂക്കളെ
ത്താരുണ്യത്തോളംവളൎത്തിടവെ
ത്തൂമലർത്തോപ്പുകൾ സൌരഭ്യാലിംഗനാൽ
കോൾമയിർക്കൊള്ളിപ്പൂ കാററിനേയും.
വണ്ടുകൾ സദ്യയ്ക്കു താരിൽനിരന്നിരു-
ന്നുണ്ടുഗമിക്കവെ കയ്യിൽകിട്ടും
പൂമ്പരാഗങ്ങളാം "സ്വൎണ്ണം" മററവെ
പ്പൂക്കളിൽകൊണ്ടുപോയൎപ്പിക്കുന്നു.
തങ്ങടെകമ്രമാംകണ്ഠത്താൽപക്ഷികൾ
മംഗളസംഗീതമാലപിച്ചു,
വാനിൽപറക്കവെപക്ഷങ്ങളിലൊക്കെ

ഭാനുമാൻപൂശുന്നപഞ്ചവർണ്ണം
പത്രാവലിത്തുകംകണ്ണീരുകണ്ടിട്ടു-
മുത്താക്കിമാററുന്നമാർത്താണ്ഡനും
ഇമ്മട്ടഴസ്സിൽപ്രകൃതിവിധാനങ്ങൾ
തമ്മിലൊരുപോൽത്തുണച്ചീടവെ
മർത്ത്യപരിഷകൾനമ്മളോതങ്ങളിൽ
വ്യർത്ഥമായന്യോന്യമല്ലടിപ്പൂ
തൃഷ്ണയാംദുഷ്ടപ്പിശാചെ! നീ ചെയ്യിപ്പൂ
കൃഷ്ണാർജ്ജുനയുദ്ധംമന്നിലെങ്ങും
സ്വാർത്ഥപ്പെരുംഭൂതാരാധനയ്ക്കായിപ്പോൾ
മർത്ത്യരെന്തെന്തുതാൻചെയ്യുന്നില്ല.
ശാന്തിയാൽശോഭിച്ചോരിന്നാട്ടുമത്സര
സിന്ധുവിൽനീന്തിത്തുടിയ്ക്കുന്നല്ലോ
ഐക്യമാമമ്മേ! നീയെൻനാടുവിട്ടിട്ടി-
ങ്ങബ്ദങ്ങളായിരമായിരമായ്
സ്വാതന്ത്ര്യക്കാഹളംകേൾപ്പാനില്ലത്രയ്ക്കു-
ങ്ങാഹന്ത! നമ്മുടെയുദ്ധശബ്ദം.

II

കോടാനുകോടിജലബിന്ദുവൊന്നിച്ചു-
ക്കൂടുംസമുദ്രമെ! ചിൽപുമാനെ!
ശക്തനാരന്യനീസൃഷ്ടിയിൽനിന്നെപ്പോൽ
നിത്യനെൻറനിർമ്മലദർപ്പണമെ!
നൽച്ചെറുപാളിപ്പലകകളൊന്നൊന്നായ്
വെച്ചൊരുവൻകപ്പൽപാഞ്ഞീടുമ്പോൾ
അല്പമൊരുപോറൽപോലുമുണ്ടാക്കുവാൻ
കെല്പില്ലാതത്രെരമിപ്പൂനിന്നിൽ
സംഘബലമുള്ള ‘കൂനിപ്പൊടി’മത്സ്യം
വൻപടകപ്പൽകമിഴ്ത്തുമല്ലോ-
അല്പാല്പമായ്വിണ്ണിനോക്കുന്നീരാവി
പില്പാട്ടുമാരിയായ്കോരിവീഴ്ത്തും
പാരിടമെങ്ങുംപതിക്കുന്നതുള്ളിക
ളോരോന്നായ്ക്കൂടിവൻസിന്ധുവാകും
ഓരോരൊഞാറുനട്ടന്നവയൊന്നിച്ചു
ധാരാളംപൊൻമണിനെല്ലുനൽകും
നാമോരൊപിച്ചകംവെച്ചവയൊന്നിച്ചു
ത്തൂമലർക്കാവായ്പൂവർഷിച്ചീടും

താരകമോരോന്നായ് മിന്നിത്തിളങ്ങുമ്പോൾ
താരാപഥംമുററംശോഭിപ്പീല
നാമൊത്തുചേൎന്നിനിയൈക്യമീകേരള-
ഭൂമിയിലെങ്ങും വിതച്ചിടേണം
മാത്സൎയ്യദേവതെ ഇമ്മന്നിൽനീയെത്ര
യസ്ഥികൂടങ്ങൾനിരത്തിവച്ചു.
അൎത്ഥസമൃദ്ധിയയൽനാട്ടിലേറുമ്പോൾ
സ്പൎദ്ധയൊന്നത്രെനമുക്കുനേട്ടം
കൊച്ചുമീനങ്ങളെശക്തനാംമത്സ്യംപി-
ടിച്ചുമിഴുങ്ങുന്നക്രൂരർനമ്മൾ.
പാവങ്ങളെയയ്യോകന്നട്ടെല്ലൊപ്പമായ്
ജീവരക്തമൂററിവററിപ്പോർനാം
ഹേ! ഹേ! മനുഷ്യാ! പരന്റെചുടുരക്ത
പൂരണംപോരെന്നിനക്കിന്നിയും?
സാഹോദൎയ്യമാകുംഗംഗയിൽമുങ്ങിനീ
വേഗമിപ്പാപംകഴുകിയാലും
അദ്വൈത“ക്കാലടി”കാണുമിമ്മണ്ണിലോ
വിദ്വേഷവൃക്ഷംതഴച്ചുനിൽപ്പൂ.
സവൎണ്ണ“മാർക്കൊല്ലി”യായ്നണ്ണിയോൻമക്കളൊ-
മണ്ണിന്നതങ്ങളിൽമല്ലടിപ്പൂ
ജാതരൊരേമാതൃകുക്ഷിയിൽനമ്മളോ
ജാതിമതഭേദംപാലിക്കേണ്ടു.
ഹിന്ദുമുസ്ലീങ്ങളുംബ്രാഹ്മണശൂദ്രരു-
മൊന്നുപോലീശ്വരസന്തതികൾ
അൎത്ഥികൾക്കെല്ലാൎക്കുംപാരിജാതമായി
മൎത്ത്യൎക്കുകൈവല്യകൈവിളക്കായി
ദ്ദാരിദ്ര്യക്രൂരിരുൾക്കൎക്കനായ് ഭാരത-
പാരതന്ത്ര്യത്തിനുഗാന്ധിയായി
മന്നിൽ“പരസ്പരസാഹായ്യ,വിൺഗംഗ
യൊന്നിതാവീണുപ്രവഹിക്കുന്നു·
ചാടുവിൻ, ചാടുവിൻ, സോദരരെ! യിതു
നേട്ടംനാംനോററുകൊണ്ടാടുംസ്വൎഗ്ഗം
നീന്തുവിൻ, മുങ്ങുവിൻ, മോദിപ്പിനിഗ്ഗംഗ
സന്താപംതീൎത്തുസ്വാരാജ്യമേകം.

---

# "വീണ്ടും വിട്ടതി തന്നെ."

(കെ. വി. കേശവൻ ബി. ഏ.)

തിരുവനന്തപുരത്തെ വിട്ടതിയുണ്ടുകൊണ്ടു വിഷമിച്ചു ഞാൻ ക്രിസ്തുമസ്സ് അവധികാലത്തു് ഒരു അരിവയ്പുകാരനെക്കൂടെ സ്വദേശത്തുനിന്നുകൊണ്ടുപോകണമെന്നു തീർച്ചയാക്കി. പാച്ചുനു വഴിപ്പണിക്കുപോകണം, ചന്തുവിനു പള്ളം ഉഴുന്നണം, നാണുവിനു പത്രമാപ്പീസിൽ പോയി അച്ചുനിരത്തണം. നോക്കണേ എന്റെ കാലക്കേടിന്റെ പോക്കു്. അന്വേഷിച്ചിട്ടു് ഒരു മനുഷ്യൻ പോലും ജോലി ഒഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കാൻ ഏർപ്പെട്ടതിയ തൊഴിലില്ലാക്കമ്മററിക്കാരുണ്ടെങ്കിലല്ലാതെ മറെറാരു മനുഷ്യരും ഞങ്ങളുടെ ദിക്കിൽ തൊഴിലില്ലാത്തവരായിട്ടില്ല. അങ്ങേതിലെ ശങ്കരൻ പാചകത്തിനു സാമാന്യം തരക്കേടില്ല. പക്ഷേ, എത്രപറഞ്ഞിട്ടും അവൻ പോരാൻ തയ്യാറില്ല. കറുത്തവാവിൻ നാൾ വേദഗിരിയിൽ പോയി ബലിയിടണമെന്നും തിരുവനന്തപുരത്തുപോയാൽ അക്കാര്യം സാധിക്കാതെ പോകമെന്നും മററുമാണ് അവന്റെ പ്രധാനതടസ്സങ്ങൾ. ഞാൻ ശങ്കരനോടുപറഞ്ഞു:– ശങ്കരാ! നിനക്കു നിന്റെ പൂർവ്വീകന്മാരിൽ ഇത്ര ഭക്തിവിശ്വാസങ്ങളുണ്ടെങ്കിൽ നീ അവർ താമസിക്കുന്ന ദിക്കിലാറം ഒന്നുപോയി അവരെ കാണാത്തതെന്തുകൊണ്ടാണു്?

ശങ്കരൻ– പൂർവ്വീകന്മാരെ കാണാൻ വേണ്ടി ഞാൻ ചത്തുപോകണമെന്നാണോ സാറിന്റെ അഭിപ്രായം.

ഞാൻ– നീ ചാകണമെന്നുണ്ടോ ഞാൻ പറഞ്ഞു;

ശങ്കരൻ – ചാകാതെ പിന്നെ നമ്മുടെ പൂർവ്വീകന്മാരെ ചെന്നു കാണുന്നതു എങ്ങനെയാണു്?

ഞാൻ– ശരി! അക്കാര്യം നീ അറിഞ്ഞിട്ടില്ല, ആളുകളോടു സംസർഗ്ഗമില്ലാതെ ഇത്തരം ഓണം കേറാമൂലകളിൽ കിടന്നു് ആയുസ്സു പാഴാക്കിയാൽ ഇങ്ങനെയേ ഇരിക്കു.

ശങ്കരൻ:- സാർപറയുന്നതിൻെറ അർത്ഥമൊന്നും ശങ്കരനുമന സ്സിലാകുന്നില്ല.

ഞാൻ - മനസ്സിലാക്കുവാൻ നിനക്കു ബുദ്ധിയുണ്ടെങ്കിൽ മന സ്സിലാക്ക്. നീ രാമേശ്വരം, കാശി മുതലായ പുണ്യസ്ഥലങ്ങളെ പ്പററി കേട്ടിട്ടുണ്ടോ? അവിടെ ജനങ്ങൾ പോകുന്നതെന്തിനാ ണ്? പൂർവ്വികന്മാരിൽ ചിലരെല്ലാം അവിടെയുള്ളതുകൊണ്ടാണു സേതുദർശനത്തിനെന്നും മററും പറഞ്ഞു് ആളുകൾ തീർത്ഥ യായി ആ ദിക്കുകളിൽ പോകുന്നതു്. അതു നിനക്കു മനസ്സി ലായിട്ടില്ല അല്ലേ?

ശങ്കരൻ:- അപ്പോൾ ഞാൻ കാശിയിലും രാമേശ്വരത്തും മ ററും പോകണമെന്നാണോ സാർ പറയുന്നതു്?

ഞാൻ - പണമുണ്ടെങ്കിൽ അതുമാവാം. അല്ലാത്ത പക്ഷം തിരുവനന്തപുരംവരെ പോയാലും മതിയാകും. നമ്മുടെപൂർവ്വീ കന്മാരിൽ ചിലരെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു തി രുവനന്തപുരത്തുകൊണ്ടുവന്നു താമസിപ്പിച്ചിട്ടുണ്ടു്. നല്ലവി ശാലമായ ഓടിട്ട ബംഗ്ലാവു രീതിയിലുള്ള കെട്ടിടങ്ങളിലാണു് താമസിപ്പിച്ചിരിക്കുന്നതു്. ദിവസവും നാലുമണിക്കുശേഷം അ വരെ കാണാൻ വന്നുകൂടുന്ന ആളുകൾക്കു് ഒരു കണക്കുമില്ല. ചിലപ്പോഴൊക്കെ തിരുമനസ്സുകൊണ്ടു് നേരിട്ടു് എഴുന്നള്ളി തൃ ക്കൺ പാർക്കുകയും കുശലങ്ങൾ അന്വേഷിക്കുകയും ചെയ്യാറു ണ്ടു്. നീ എൻെറകൂടെ പോരുന്ന പക്ഷം ഇതെല്ലാം കാണാം.

ശങ്കരൻ - അമ്പമ്പ! ഇതെന്തൊരു പെരുങ്കള്ളം. ഉണ്ടയി ല്ലാത്ത വെടി ഇതൊന്നും ചങ്കരൻെറടുത്തു ചെലവാകല്ല.

ഞാൻ - ഇതു കള്ളമെന്നോ? ശിവ ശിവ! എനിക്കു കള്ളം പറഞ്ഞിട്ടു് എന്തുപ്രയോജനമാണു്? ശങ്കരൻ ഇങ്ങനെയാ ണോ മനസ്സിലാക്കിയിരിക്കുന്നതു്? നിന്നാണ, കണ്ണാണ സത്യം. ഒരു അക്ഷരവും കള്ളമില്ല. അല്ലെങ്കിൽ ഒന്നു പരീക്ഷിച്ചു നോക്കുക.

എൻെറ സത്യവാചകവും അപ്പോഴത്തെ ആ ഗംഭീരതയും കേട്ടപ്പോടേ കൂടിയപ്പോൾ ശങ്കരൻെറ മനസ്സിൽ ഒരു ചെറിയ തേക്കം തുടങ്ങി. ഒടുവിൽ ശങ്കരൻ അയൽ വാസികളായ ചില സ്നേഹിതന്മാരുടെ മുമ്പിൽവച്ചു് എൻെറ സത്യവാചക ത്തെ ഒരിക്കൽകൂടെ ആവർത്തിച്ചു് ഉറപ്പുവരുത്തിയശേഷം അ

ത്ര നല്ല വിശ്വാസത്തോടുകൂടിയല്ലെങ്കിലും എന്റെ കൂടെ പോരാം, എന്നു സമ്മതിച്ചു. ഒന്നുകിൽ എന്റെ ഉദ്ദേശം സാധിച്ചു; അതല്ലെങ്കിൽ ഇങ്കിരീസും പറഞ്ഞു മാട്ടിറച്ചിയും തിന്നു നടക്കുന്ന ഈ കള്ളന്റെ കള്ളത്തരം ഞാൻ എല്ലാവരോടും പറഞ്ഞു നല്ല കണക്കിന് ഇളിഭ്യനാക്കിവിടുന്നുണ്ട്." എന്നിങ്ങനെ ശങ്കരൻ തന്റെ ചില കൂട്ടുകാരുമായി ഒത്താശ പറഞ്ഞ വിവരം ഗീർവ്വാണക്കാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ "കർണ്ണാകർണ്ണികയാ" ഞാനും അറിഞ്ഞു.

ഞങ്ങൾ പോയി തിരുവനന്തപുരത്തു ചെന്നെത്തി. ശങ്കരന്റെ പരിചര്യകൾക്കു ഒരു കുഴപ്പവുമില്ല. ചെന്ന അന്നുമുതൽ അവനു പൂർവ്വീകന്മാരെ കാണ്മാൻ തിരക്കമായി. ചില കഴിവുകളൊക്കെ പറഞ്ഞു ചിലനാൾ അങ്ങനെ കഴിച്ചുകൂട്ടി. വിവരം വെളിക്കു പറഞ്ഞാൽ ഇളിഭ്യം തനിക്കു പിണഞ്ഞേക്കുമെന്നു ഭയന്നു ശങ്കരൻ മററാരോടും ഇക്കഥ പൊട്ടിച്ചില്ല. നാട്ടിൽ ചെല്ലുമ്പോൾ എന്നെ ഒന്നു പഠിപ്പിക്കണമെന്നു മാത്രം അവൻ ദൃഢമായി ഉറപ്പിച്ചു വച്ചു. ഒരു ദിവസം രാവിലെ ശങ്കരൻ പറഞ്ഞു - "കേട്ടോ, സാർ, അന്നു പറഞ്ഞപോലെ ഒന്നും ഇതേവരെ നടന്നിട്ടില്ല. അതുകൊണ്ടു ഞാൻ നാട്ടിലേക്കു പോകാൻ തീർച്ചയാക്കിയിരിക്കുന്നു. ഇന്ന് എന്റെ പൂർവ്വീകന്മാരെ കാണിച്ചു തരുന്നില്ലാത്തപക്ഷം മററന്നാൾ ഈ നേരത്തിനു ശങ്കരൻ കോട്ടയത്തിനാണ്. സാറിനാണ സത്യം." ഞാൻ അതും അത്ര കാര്യമാക്കിയില്ല. അഞ്ചുമണിക്ക് ആഫീസിൽ നിന്നു ഞാൻ മടങ്ങി വന്നപ്പോഴേക്കു പിറേറദിവസം രാവിലേയുള്ള വണ്ടിക്കു നാട്ടിലേക്കു മടങ്ങുവാൻ തക്കവണ്ണം ശങ്കരൻ ഭാണ്ഡങ്ങളും മററും കെട്ടി സൂമാറാക്കി വച്ചിരിക്കുന്നു. അവന്റെ മുഖം തീരെ പ്രസന്നതയില്ലാതെ കാണപ്പെട്ടു. ഒരു വലിയ നീരസത്തിന്റെയും പ്രതികാരചിന്തയുടേയും ലാഞ്ഛനകൾ അവന്റെ മുഖത്തു വ്യക്തമായി പ്രത്യക്ഷപ്പെട്ടു.

"എന്താ ശങ്കരാ! നമുക്കു പൂർവ്വീകന്മാരെ കാണാൻ പോവുകയല്ലേ?" എന്നു ഞാൻ കുശലം ചോദിച്ചു. വായാടിയായ അവൻ എന്നെ അതിരു കടന്നു ശകാരിച്ചതു വല്ലവരും കേട്ടേക്കുമോ എന്നു ഞാൻ നട്ടങ്ങി. ഒരു വിധത്തിൽ അവനെയും കൂട്ടിക്കൊണ്ടു ഞാൻ കാഴ്ചബംഗ്ലാവിലേക്കു നടന്നു. അവിടെ കണ്ട കാഴ്ചകൾ അവനെ അത്യധികം സന്തോഷ ഭരിതനാക്കി.

ആജീവനാന്തം അവിടെ തന്നെ താമസിച്ചു കളയാമെന്നു പോലും അവൻ പറഞ്ഞു. എനിക്കു വളരെ ഒരു ആശ്വാസം തോന്നി. ഓരോ കാഴ്ചകൾ കാണിച്ചുകൊടുത്തും കൊണ്ടു ഞാൻ അവനെ കുരങ്ങന്മാർ കിടക്കുന്ന കൂട്ടിങ്കലേക്കുകൊണ്ടുപോയി. ആ തടിച്ചുകൂററൻ കരിമന്തി- ആൾക്കുരങ്ങ് — അങ്ങനെ കമ്പിയഴികളിൽ പിടിച്ചു തൂങ്ങിക്കിടന്നു തപസ്സുചെയ്യുന്ന കാഴ്ച ശങ്കരനെ വളരെ ആനന്ദിപ്പിച്ചു. മററു കുരങ്ങന്മാരുടെ ഓരോ തരം ചാപല്യങ്ങൾ കണ്ടു രസിച്ചുംകൊണ്ട് വളരെ ആളുകൾ അവിടെ കൂടിനിന്നിരുന്നു. ഞാൻ ശങ്കരനെ അടുത്തു വിളിച്ചു സ്വകാൎയ്യമായി ഇങ്ങനെ മന്ത്രിച്ചു.

"എന്താ! നിൻെറ പൂൎവ്വികന്മാരെ കണ്ടു തൃപ്തിയായോ?"

ശങ്കരൻ— എന്ത്? എന്ത്? പൂൎവ്വികന്മാരോ? അവർ എവിടെ? ഞാൻ- നീ ഇപ്പോൾ കാണുന്നത് ആരെയാണ്.

ശങ്കരൻ — ഇപ്പോൾ കുരങ്ങന്മാരെയല്ലേ കാണുന്നത്?

ഞാൻ-അവതന്നെ നമ്മുടെ പൂൎവ്വികന്മാർ. പരിണാമവാദപ്രകാരം മനുഷ്യജാതി മുഴുവൻകുരങ്ങിൽനിന്നാണ് ഉണ്ടായത്. കുരങ്ങു മൂത്തു മനുഷ്യനാകുന്നു. കുരങ്ങിനും മനുഷ്യനും മദ്ധ്യത്തിലുള്ള ജീവിയാണ് ആ കാണുന്ന ആൾക്കുരങ്ങ്.

ശങ്കരൻ:- (അത്യധികം ദേഷ്യത്തോടേ) എൻെറ സായ്പേ! ഇതായിരുന്നുകാൎയ്യമെങ്കിൽ ഈ പാവപ്പെട്ട എന്നെ പറഞ്ഞു കബളിപ്പിക്കണമായിരുന്നോ?

ഞാൻ - എടാ! പതുക്കെപ്പറ; വല്ലവരും അറിഞ്ഞാൽ നിനക്കു തന്നെയാണു പോരായ്മ.

ശങ്കരൻ - ആരു കേട്ടാലും ശങ്കരനു രണ്ടുലക്കയാണ്. വലിയപഠിത്തക്കാരനായ നിങ്ങൾ ഇങ്ങനെ കള്ളം പറഞ്ഞു' ആളുകളെ കബളിപ്പിച്ചതു ജനങ്ങൾ അറിഞ്ഞാൽ പോരായ്ക എനിക്കാണോ?

ഞാൻ — ഞാൻ യാതൊരു കള്ളവും പറഞ്ഞില്ല.

ശങ്കരൻ - കരങ്ങന്മാരാണു നമ്മുടെ പൂൎവ്വികന്മാരെന്നും ബലിയിടുന്നതും ദാഹം വയ്ക്കുന്നതും മററും അവരുടെ പേൎക്കാണെന്നും പറഞ്ഞതു കള്ളമല്ല അല്ലേ? അമ്പമ്പോ? ഈ വളഞ്ഞ അക്ഷരം പഠിച്ചു പോയാൽ അനുപിഴച്ചു.

ഞാൻ - കുരങ്ങന്മാർ നമ്മുടെ പൂർവ്വികന്മാരാണെന്നു് എത്ര വലിയ മഹാന്മാർ പറഞ്ഞിരിക്കുന്നു. എത്ര വലിയ ശാസ്ത്രജ്ഞന്മാർ പുസ്തകങ്ങൾ എഴുതിയിരിക്കുന്നു. നീ ഇതുവല്ലതും അറിഞ്ഞോ?

ശങ്കരൻ-ശരി ശരി! നിങ്ങളും ഒരു സായ്‌പുതന്നെ. സായ്‌പു പറയുന്നതെല്ലാം കാര്യമാണു്. ചട്ടയിടണം മാട്ടിറച്ചിതിന്നണം കാച്ചു പീച്ചെന്നു പറയണം വെളിക്കിറങ്ങിപ്പോയാൽ കടലാസ്സുകൊണ്ടു തുടക്കണം അതും കൂടെയാകുമ്പോൾ നിങ്ങൾ ഒരു തനിസായ്‌പായി! സലാം.

ഇത്രയുമായപ്പോൾ ജനങ്ങളൊക്കെ ഞങ്ങളുടെ ചുററും കൂടി. ഞാൻ ആക്കൂട്ടത്തിൽ മാന്യനെന്നു തോന്നിയ ഒരാളെ വിളിച്ചു. ഇങ്ങനെ പറഞ്ഞു.-കേട്ടോ സാർ! ഡാർവിൻ സായ്‌പു പറഞ്ഞിട്ടില്ലേ കുരങ്ങന്മാർ നമ്മുടെ പൂർവ്വികരാണെന്നു അതായതു മനുഷ്യജാതി കുരങ്ങുവർഗ്ഗത്തിൽ നിന്നുണ്ടായി വന്നിട്ടുള്ളതാണെന്നു്. മാന്യൻ- ഉണ്ടു്. അതിനാണു "ഡാർവിൻസ്‌തീയറി" എന്നു പറയുന്നതു്.

ഞാൻ — എന്താ ശങ്കര കേട്ടോ പറഞ്ഞതു്?

ശങ്കരൻ- ഓഹോ കേട്ടു. ആ പറഞ്ഞതു് ഏതോ ഒരു സായ്‌പിന്റെ തെറിയാണെന്നു കേട്ടു, കണ്ട സായ്‌പിന്റെയൊക്കെ "തെറിയും തെന്തനവും" പഠിക്കയല്ല ശങ്കരന്റെ ജോലി.

ഞാൻ എടാ ശങ്കരാ തെറിയല്ല തീയറിയാണു്. തീയറിയെന്നു പറഞ്ഞാൽ തത്വമെന്നാണർത്ഥം "ഡാർവിൻസ് തീയറി" എന്നു പറഞ്ഞാൽ "ദാരുവീണൻ" സായ്‌പു കണ്ടുപിടിച്ച തത്വമെന്നു സാരം മനസ്സിലായോ?

ശങ്കരൻ എന്തു സായ്‌പാണു് ഒന്നുകൂടെ കേൾക്കട്ടെ.

ഞാൻ ഡാർവിൻ അതായതു് 'ദാരുവീണൻ" എന്നു പേരുള്ള മഹാപണ്ഡിതനായ സായ്‌പു കണ്ടുപിടിച്ചതാണു്. ശങ്കരൻ അയാൾ ദാരുവീണനായിരിക്കുന്ന സ്ഥിതിക്കു് ഇതും ഇതിനപ്പുറവും പറയുമല്ലോ. "വീണ"നും ഏമാളിയും മററും പറയുന്നതു് ആണുങ്ങളാരും വക വയ്ക്കയില്ല. പിന്നെയല്ലേ ദാരുവീണൻ പറഞ്ഞാൽ? "ദാരു" എന്നാൽ മരം എന്നാണു് മണ്ടന്മാരിൽ വച്ചു വലിയ മണ്ടൻ മരമണ്ടൻ എന്നു പറയുമ്പോലെ വീണന്മാരിൽവച്ചു വലിയ വീണനു മരവീണൻ എന്നും "ദാരുവീണൻ" എന്നും പറയും അയ്യ നിങ്ങളേപ്പോലുള്ള

റർ ശരിയാണെന്നു പറഞ്ഞുതുടങ്ങിയാൽ പിന്നത്തെ പറയു ന്നാണു.

ഞാൻ:- എടാ ഓർത്തു സംസാരിക്ക് അധികപ്രസംഗി.

ശങ്കരൻ—പിന്നെപ്പിന്നെ നിങ്ങളുടെ എട്ടല്ല എന്റെ പത്തു് നിങ്ങളൊരു തികഞ്ഞ ഉദവീണൻ തന്നെ. ശങ്കരന്റെ അടുത്തു് ആ വക വീണത്തരങ്ങളൊന്നും എടുത്തു ചിലവാക്കാതിരുന്നാൽ മതി. സലാം

കേട്ടുകേൾപ്പിച്ചു ജനങ്ങളും വളരെ കൂടി. മ്യൂസിയം മാനേജരും വന്നു. ശങ്കരന്റെ ചുണയും സാമൎത്ഥ്യവും എന്നെ ശകാരിക്കുന്നതിലുള്ള വൈഭവവും "ദാരുവീണൻ" എന്ന വാക്കിനെ അപഗ്രഹിച്ചു വ്യാഖ്യാനിച്ചതിൽ പ്രദർശിപ്പിച്ച ഫലിതവും ഒക്കെക്കൂടെ കണ്ടു സന്തോഷിച്ചു മാനേജർ അവർകൾ ശങ്കരന്റെ പേർക്കു ശുപാർശ ചെയ്തു് അവനു മ്യൂസിയത്തിൽ തന്നെ ഒരു ചെറിയ ഉദ്യോഗം സമ്പാദിച്ചു കൊടുത്തു. അങ്ങനെ ശങ്കരൻ അവന്റെ പൂർവികന്മാരോടുകൂടി ഇപ്പോഴും സസുഖം തിരുവനന്തപുരം മ്യൂസിയത്തിൽ താമസിച്ചു വരുന്നു. ഞാനോ വീണ്ടും നമ്മുടെ പഴയ വിടുതിയിലും.

---

## കൊച്ചമ്മമാരോടു രണ്ടു വാക്ക്.

മഞ്ജരി

(മണ്ണൂർ കെ. കെ. കയ്മൾ)

കീറിപ്പൊളിഞ്ഞിടനീങ്ങിമുഷിഞ്ഞൊരു
പീറത്തുണികൊണ്ടരമറച്ചും
കാറൊത്തമേനിയിൽസൂര്യകരമേററു
ചോരലിഞ്ഞുള്ള വിയർപ്പൊലിച്ചും
ഫാലത്തിലെണ്ണ കാണാതെ ചകിരിനാർ
പോലെഴുംചെമ്പൻകടുമ്പിണോ
വാടിക്കരിഞ്ഞ വദനത്തിൽക്കണ്ണുകൾ
കൂടിൽ ഭയന്നപോൽത്താണുപോയും

ഗണ്ഡങ്ങളേററവുമൊട്ടിയും ചുണ്ടുകൾ
വിണ്ടുവല്ലാതെവരണ്ടുകൊണ്ടും
വണ്ണംകുറഞ്ഞകഴുത്തിന്നുതാങ്ങുവാൻ
ദണ്ഡംപിണഞ്ഞിളകുംതലയെ
നിശ്ചയം കണ്ടീടിലിക്കലിമേലൊരു
* മച്ചിങ്ങകത്തിയമട്ടിലായും
വല്ലാതെദേഹംചടച്ചുകത്തുള്ളോരോ-
രെല്ലുകളെല്ലാംവെളിയ്ക്കുകണ്ടും
പച്ചഞരമ്പുകൾദാരിദ്ര്യദേവത
തച്ചവടുപോൽതെളിഞ്ഞുകണ്ടും
പട്ടിണപ്പാട്ടുവിളിച്ചുപറയുന്ന
മട്ടുവയറൊട്ടിയൊട്ടുക്കുന്നും
തന്നിടംകയ്യിൽപിടിച്ചവടിയൂന്നി
നിന്നുഭവനപ്പടിയ്ക്കൽവന്നു്
ദക്ഷിണപാണിയിലുള്ള ചിരട്ടയെ
പ്പൊക്കിക്കാണിച്ചുകിതച്ചുമന്ദം
"പിച്ചകൊടുക്കമ്മേ"—യെന്നിരന്നീടുന്ന
കൊച്ചന്നൊരുപിടിനെല്ലുപോലും
ഭിക്ഷയേകീടാതെപച്ചപ്പരിഷ്ക്കാര-
ക്കച്ചകെട്ടിച്ചലിപ്പിച്ചിരിക്കും
കൊച്ചമ്മമാർകളെ! ത്വന്മുഖംവാടൊല്ലെ
പച്ചപ്പരമാർത്ഥമൊന്നുചൊല്ലാം

തേച്ചൊളിക്കേററിയകുപ്പായവും "റിസ്റ്റു-
വാച്ചും" ധരിച്ചുതലമിനുക്കി
പററടിമുട്ടുന്നമുണ്ടുമായ് "സുന്ദര—
ക്കുട്ടപ്പന്മാരാ"യുള്ളോരുവന്നാൽ
ക്ഷിപ്രംമൃദുലമാംനാമ്പിനാലോമന
സ്സുപ്രവാളാധരമൊപ്പമിട്ടു
സാക്കൂതസുസ്മിതാപാംഗകർമ്മങ്ങളാൽ
ലൗകികമോതിയൊന്നാമതായി
കാപ്പിയോ, ചായയോ, മറെറാകൊടുത്തിടാ-
നെപ്പൊഴുംപാത്രമായ്‌വാഴുംനിങ്ങൾ

---

* മച്ചിങ്ങാ-വെള്ളയ്ക്കാ

ഹന്ത! വിശന്നുവലഞ്ഞുവശംകെട്ടു
സന്തതംപട്ടിണിതീർത്തുപററി
വെന്തുരുകീടുന്നസാധുക്കളിൽചെററും
സ്വാന്തേദയകരുതാത്തതെന്തേ?
കുപ്പയിൽത്തൂകുംപഴങ്കഞ്ഞിയെങ്കിലു-
മിപ്പരിഷയ്ക്കേകിലെന്തുചേതം
കാല്പ്പണിക്കൈക്കൊള്ളാൽഭിക്ഷയേകീടുകി-
ലൊപ്പക്കേടാകുമെന്നോർക്കയാലൊ
നല്ലാർകടെമനംകല്ലുപോലെന്നുള്ള
ചൊല്ലുയഥാർത്ഥമാക്കീടുവാനൊ?
ആഹന്തഹന്ത! ഗൃഹഭരണംഞങ്ങൾ-
ക്കാണെന്നായ്ഘോഷിയ്ക്കുന്നില്ലെനിങ്ങൾ
ധർമ്മം പടിയ്ക്കൽവരുന്നവർക്കേകേണ്ടും
കർമ്മമിതിലടങ്ങുന്നതല്ലേ?

ഈശ്വരസൃഷ്ടികളൊക്കയുമൊന്നൊന്നും
ശാശ്വതമല്ലിസ്ഥിതികളെന്നും
വിശ്വാസമില്ലാതെയെല്ലാമറിയുംപോ-
ലാശ്ചര്യം!—നിങ്ങൾനടിയ്ക്കുന്നില്ലേ?
ഹന്ത! സമദൃഷ്ടിയില്ലാത്തനിങ്ങടെ
അന്തസ്സുകൊണ്ടെന്തുസാദ്ധ്യമുള്ളൂ.
"കൊച്ചമ്മമാരോടുരണ്ടുവാക്കി"ങ്ങനെ
മിക്കതുംഭാഷയാക്കിപ്പറഞ്ഞു
ഇങ്ങിനെയോരോന്നൊടുത്തുപറയുകിൽ
നിങ്ങടെകള്ളിവെളിവിലാകും
ഭംഗിയാവില്ലവയെല്ലാമെഴുതിയാൽ
സംഗതിയുണ്ടെങ്കിലിനിയാവാം.

മ.വ്യ.സ്യ

# ഈഴവൻ അവന്റെ

## ജാതിയും മതവും മാററണം.

(ററി. കെ. കിട്ടൻ, കോട്ടയം)

കേരളത്തിൽ ഇരുപതുലക്ഷത്തോളം വരുന്ന ഈഴവർ (തീയർ) ഇപ്പോൾ വിശ്വസിച്ചുവരുന്ന ഹിന്തുമതത്തിൽ നിന്നുംകൊണ്ടു പ്രക്ഷോഭണങ്ങൾ നടത്തി സ്വാതന്ത്ര്യം സ്ഥാപിച്ചുകൊള്ളാമെന്നു പലരും സ്വപ്നം കാണുന്നുണ്ട്. കഴിഞ്ഞ ഇരുപതോളം വർഷങ്ങളായി എസ്. എൻ. ഡി. പി. യോഗം വഴിയായി നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭണങ്ങൾക്കും പരിവർത്തനങ്ങൾക്കും [illegible] കയ്യുംകണക്കുമില്ല. നമ്മുടെ ഈ വക പരിശ്രമങ്ങൾ വർദ്ധിച്ചുവരുന്നതിനോടുകൂടി ഗവമ്മെന്റും സവർണ്ണരും അഹിന്തുക്കളായ ക്രിസ്ത്യാനികളും മുഹമ്മദീയരും നമ്മുടെ സ്വാതന്ത്ര്യത്തെ ബലമായി തടയുന്നതിനും നമ്മെ അധഃകൃതരും തീണ്ടലുള്ളവരുമായി മാററിനിർത്തുന്നതിനും ഭഗീരഥപ്രയത്നം ചെയ്തുവരുന്നു. തിരുവിതാംകൂർ രാജ്യത്തെ പ്രത്യേകം എടുത്തുപറകയാണെങ്കിൽ [illegible] ലക്ഷം ക്രിസ്ത്യാനികളും [illegible] ലക്ഷം മുഹമ്മദീയരും [illegible] ലക്ഷം നായന്മാരും [illegible] പട്ടന്മാരും [illegible] നമ്പൂതിരിമാരും ഇനി ഒരു പതിനയ്യായിരം അമ്പലവാസിവർഗ്ഗങ്ങളും ഉൾപ്പെടെ [illegible] ലക്ഷം ജനങ്ങൾ ഈഴവനെ എപ്പോഴും ചവിട്ടിത്താഴ്ത്തുന്നതിനായിട്ടു [illegible]മായി നില്ക്കുന്നു. വിദ്യാധനംമുതലായവയിൽ വളരെ പിന്നോക്കം നില്ക്കുന്ന [illegible] ലക്ഷം അശക്തരായ ഈഴവർ അവന്റെ പൊളിഞ്ഞ സനാതനമതവും വച്ചുകൊണ്ടു ഇവരോടു എങ്ങിനെ എതിർത്തു ജയിക്കാനാണ്. ഈ വക കാര്യങ്ങൾ ആലോചിച്ചാൽ ഏതെങ്കിലും ശക്തിയുള്ള ഒരു സമുദായത്തോടു ഈഴവർ യോജിച്ചാലല്ലാതെ സ്വന്തകാലിൽനിന്നു ഉയരുക എന്നുള്ളതു [illegible] നാളും സാദ്ധ്യമാണെന്നു തോന്നുന്നില്ല. [illegible]തം വേഷം ഭാഷ മുതലായവയുടെ ഐകരൂപ്യംകൊണ്ടു നായർ സമുദായത്തിൽ ചേരുന്നതു സൌകര്യവും ക്ഷിപ്രസാദ്ധ്യവുമാണെന്നു കാണാം. എന്നാൽ ഈ രാജ്യത്തെ വമ്പിച്ച സ്വത്തുകാരനായ ആലുംമൂട്ടിൽ ചാന്നാരെപോലും ബ്രാഹ്മണരുടെ

മാന്യവേല ചെയ്യുന്ന ഒരു പാവപ്പെട്ട നായരെങ്കിലും നിശ്ചയമായും ഇതിനനുവദിക്കയില്ലെന്നു അനുഭവംകൊണ്ടു തെളിയുന്നുണ്ടല്ലോ. സവർണ്ണഹിന്ദുക്കളുടെ താണപടിയിൽ നില്ക്കുന്ന നായന്മാരോടു ഈഴവനു യോജിക്കാൻ പ്രതിബന്ധങ്ങളുള്ള സ്ഥിതിയ്ക്കു് അതിനു മുകളിൽ നില്ക്കുന്ന ജാതിക്കാരുമായി ചേരുകയെന്നതു വിചാരിക്കാൻ കൂടി വയ്യാത്തതാണല്ലോ. അതിനാൽ നമുക്കു ഒരു പരിവർത്തനം വളരെ ആവശ്യമാണു്. ഇപ്പോൾ ഈഴവൻ അവന്റെ രക്ഷക്കുവേണ്ടി ആത്മവിദ്യ, ബ്രഹ്മവിദ്യ, ആത്മസമാജം, ബുദ്ധമതം എന്നൊക്കെ പേരുകളുള്ള പല പ്രസ്ഥാനങ്ങളിലും ചേൎന്നു ജീവിച്ചുവരുന്നു. വാസ്തവം പറഞ്ഞാൽ ഇതെല്ലാം വെറും മാസ്സുകളി (കിളികളി) എന്നല്ലാതെ കാൎയ്യമായി പറയുവാനോ വിചാരിക്കുവാനോ ഒന്നും കാണുന്നില്ല. ഹിന്ദുമതത്തെ തന്നെ മറിച്ചും, തിരിച്ചും, തിരിച്ചും മറിച്ചും ഉപയോഗിക്കുന്നെന്നേ ഇതിനൊക്കെ അൎത്ഥമുള്ളു. അതിനാൽ ഈവക പ്രസ്ഥാനം നമ്മെ രക്ഷിക്കുമെന്നു ഒരുനാളും വിചാരിപ്പാൻ പാടില്ലാത്തതാകുന്നു.

ഇനി നമ്മുടെ രക്ഷക്കു പററിയ പ്രസ്ഥാനം ഏതാണു് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായം തുറന്നു പറയുമ്പോൾ പല സവർണ്ണരും ഭൂരിപക്ഷം സ്വജനങ്ങളും എന്റെനേരെ ചന്ദ്രഹാസവും ഇളക്കിക്കൊണ്ടു വരുമെന്നു എനിക്കറിയാം. എങ്കിലും മനസ്സാക്ഷിയെ മറച്ചുവയ്ക്കാൻ മനസ്സനുവദിക്കാത്തതിനാൽ എന്റെ അഭിപ്രായം പൊതുജനസമക്ഷം അറിയിക്കുന്നു.

മാന്യസഹോദരരേ!

കേരളത്തിലുള്ള ഈഴവരുടെ അസ്വാതന്ത്ര്യം പരിഛേദം നശിക്കണമെങ്കിൽ നാം കേരളത്തിലെ ഏററവും ശക്തിയേറിയ ഒരു പ്രസ്ഥാനത്തോടു യോജിക്കേണ്ടിയിരിക്കുന്നു. ആദിസൂൎയ്യൻ അസ്തമിക്കാത്ത സാമ്രാജ്യം സ്ഥാപിച്ചു ലോകം ഭരിച്ചുപോരുന്ന ചക്രവൎത്തി തിരുമനസ്സിലെ മതത്തിൽ ചേരുന്നതുതന്നെ ആകുന്നു നമ്മുടെ രക്ഷാമാർഗം. ഈ ഇൻഡ്യാസാമ്രാജ്യത്തിൽതന്നെ നമ്മുടെ തിരുവിതാംകൂർ മഹാരാജാവിനെപ്പോലെ കപ്പംകൊടുക്കുന്നവരായി ൬൦൦ രാജാക്കന്മാരും ആയിരത്തിനുമേൽ ജമീൻദാരന്മാരും ഉണ്ടു്. ഈ സ്വദേശീയരാജാക്കന്മാർ അവർ എത്ര യാഥാസ്ഥിക സവർണ്ണന്മാരായാലും ചക്രവൎത്തി തി

രുമനസ്സിലെ മതം അനുസരിക്കുന്ന ഏവക്കും അനുവദിച്ചു കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യം തുലനം ചെയ്തുനോക്കുമ്പോൾ പുരാതനപരിപാവന സനാതന ഹിന്തുമതാവലംബികളായി കഷ്ടപ്പെടുന്ന നമ്മളുടെ കഥ എത്ര ദയനീയമാണെന്നു നോക്കുക. ചക്രവത്തി തിരുമേനി ക്രിസ്ത്യാനി ആയിരിക്കുന്ന കാലത്തോളം അവിടത്തെ മതം അനുസരിക്കുന്ന ഏവരും അടിമത്വത്തിലോ അസമത്വത്തിലോ ജീവിക്കുവാൻ അവർ സമ്മതിക്കുന്നില്ല. ഈഴവൻ സ്വന്തം മതം ഉപേക്ഷിച്ചു ക്രിസ്ത്യാനിയോ മുഹമ്മദീയനോ ആകുന്ന ഉടൻ അവനു ഒരു സവർണ്ണൻ അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യവും സമത്വവും അവൻ ഹിന്തുവായിരിക്കുന്ന കാലത്തു കിട്ടുന്നില്ല. (ഇതു നമ്മുടെ എല്ലാവരുടേയും അനുഭവമാണ്.)

സംസ്കാരംകൊണ്ടും സ്വാതന്ത്ര്യം കിട്ടുന്നില്ല. കാരണം ഇന്നു ഭൂമുഖത്തു യഥാത്ഥബ്രാഹ്മണനായി ഒരാൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അതു മഹാ സമാധി അടഞ്ഞ ശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങൾ മാത്രമാണ്. അദ്ദേഹത്തിനുപോലും ഒണ്ടുമണിക്കൂർ വിശ്രമിക്കുവാൻ ഈ സനാതന ഹിന്ദുവിൻെറ രാജ്യത്തെ പള്ളാത്തുരുത്തു സത്രം അനുവദിക്കപ്പെട്ടിരുന്നില്ല. അപ്പോൾ അവിടെ താമസിച്ചിരുന്നതു മഞ്ഞച്ചേര, കാരാമ, പന്നി മുതലായ ദുഷ്ട ജന്തുക്കളെ ചുട്ടുതിന്നു കള്ളും കുടിച്ചുകൊണ്ടു വൃത്തിഹീനരായ ഒരു കൂട്ടം കളം തോണ്ടികളായിരുന്നു. അവരെ തീണ്ടലില്ല സ്വാമികളെ ഒരീഴത്തി പെററുപോയകാരണം കീഴ് നടപ്പനുവദിക്കുന്നില്ലെന്നു പറഞ്ഞു ഗവമ്മെൻറു നമ്മുടെ അപേക്ഷ തള്ളുകയാണുണ്ടായതു്. ഇത്ര കഠിനവും അപമാനകരവുമായ ഉത്തരവും കയ്യിൽ വാങ്ങി ഈഴവനായി ജീവിച്ചേയ്ക്കാമെന്നുവച്ചാൽ എന്തൊരു രക്ഷയാണുള്ളതു്.

ഈ അടുത്തകാലത്തു തിരുവിതാംകൂറിലെ വലിയ ഭൂസ്വത്തുടമസ്ഥൻ ഒരീഴവനായിരുന്നു. ആദ്ധ്യാത്മവിഷയത്തിൽ ശ്രീ നാരായണഗുരുവിനെ ജയിക്കത്തക്കവരും ഇന്നു ലോകത്തിലില്ല. പശ്ചാത്യവിദ്യാഭ്യാസം കൊണ്ടു നോക്കുന്നെങ്കിൽ, ഗവമ്മെൻറിൻെറ ശക്തിമത്തായ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും എം. എ. എൽ. ററി. പാസായ ഈഴത്തികൾപോലും ഇന്നുണ്ട്. മഹാ കവികൾ, മഹാവൈദ്യന്മാർ, ശാസ്ത്രിമാർ, വയ്യാകരണന്മാർ, വലിയ കച്ചവടക്കാർ എന്നിവരും നമ്മുടെ

സമുദായത്തിലുണ്ട്. വിശേഷിച്ചും എല്ലാപ്രജകളോടൊപ്പം ഭൂനികുതി, ആദായനികുതി തൊഴിൽ കരം മുതലായവ കൊടുക്കുന്നതിനും പുറമേ അബ്കാരി എന്ന ഒരിനത്തിൽ ൧൨ മാസം കൊണ്ട് ൩൦ ലക്ഷം ഉറുപ്പിക സർക്കാർ ഭണ്ഡാഗാരത്തിലടച്ച് ഗവമ്മെൻറിൻെറ സാമ്പത്തികാവസ്ഥയെ നാം പ്രത്യേകമായി പരിപോഷിപ്പിക്കുന്നുണ്ട്. നാം ഈഴവരായതുകൊണ്ട് ഇതിനെല്ലാംകിട്ടുന്നപ്രതിഫലം വഴിമാറിക്കൊടുക്കയും ആട്ടും തല്ലും വാങ്ങുകയും ആകുന്നു. സനാതനക്കാരനായ മി ടി കെ മാധവനെ തിരുവാർപ്പിലും വൈയ്ക്കത്തും വച്ച് അടിച്ചു രക്തം തുപ്പിച്ചതും കൂടി ഗവമ്മെൻറിൻെറ പ്രതിഫലത്തിൻെറ കൂട്ടത്തിൽ കണക്കാക്കേണ്ടതാണ്. ഉദ്യോഗത്തിനായിട്ടീഴവൻ നിലവിളിക്കുന്നു. അവൻ പ്രത്യേകം ഉണ്ടാക്കി കൊടുക്കുന്ന പണത്തിൻെറ തുറയായ അബ്കാരി വകുപ്പിൽപോലും അവനെ കടത്തുന്നില്ല. കള്ളിൻെറയും ചാരായത്തിൻെറയും ഡിഗ്രിനോക്കുന്നതും മേലദ്ധ്യക്ഷം വഹിക്കുന്നതും സവർണ്ണരാണ്. അവിടെങ്ങും തീണ്ടലില്ല. ഈ പൂളക്കള്ള് കുടിക്കുന്നതിലും തീണ്ടലും തൊട്ടുകൂടമില്ല. ഈഴവൻ ഹിന്ദുവായിരിക്കുന്നതുകൊണ്ടു അവനെ മാത്രം തീണ്ടൽ പൊളിഞ്ഞമതമേ! നശിച്ചജാതിയെ! നിനക്കു നമസ്കാരം. ഈ ആക്ഷേപവും സഹിച്ചു ജീവിക്കുന്ന ഈഴവാ നിനക്കും നമസ്കാരം.

അതിനാൽ പ്രിയപ്പെട്ട ഈഴവസഹോദരന്മാരെ! സഹോദരികളെ? ഈ രാജ്യത്തുള്ള ഹിന്ദുക്കളിൽ സവർണ്ണർ എന്നൊരു കൂട്ടർ അഭിമാനിക്കുന്നതു അവർണ്ണരെന്നൊരു വിഭാഗം ഉള്ളതുകൊണ്ട് മാത്രമാണ്. നമ്മൾ ഹിന്ദുമതത്തിൽ നിന്നുകൊണ്ടു അവർണ്ണരല്ലെന്നു വാദിച്ചാൽ അതു നാടുവാഴിയും സർക്കാരും അനുവദിച്ചു തരികയില്ല. അവർണ്ണരായ നമ്മൾ അഹിന്ദുക്കളായി തീർന്നാൽ നമ്മളെ അവർണ്ണരെന്നു സംബോധന ചെയ്യുന്നതിനു ഒരു മഹാരാജാവിനും മഹാശക്തിക്കും സാധിക്കയുമില്ല. ആയതുകൊണ്ട് ഈ ജാതി വ്യത്യാസം വച്ചിരിക്കുന്ന സർക്കാരും സവർണ്ണരും സൈ്വൎയ്യമായി ജീവിക്കട്ടെ എന്നു അഭ്യർത്ഥിച്ചുകൊണ്ടു നമുക്ക് ഈ തീണ്ടലുള്ള ജാതിയും മതവും ഉപേക്ഷിച്ച് മഹൽ ശക്തിയുടെ (ചക്രവർത്തിയുടെ) മതത്തിലേയ്ക്കുകൂട്ടം കൂട്ടമായിപോകാം. അവിടെ മാത്രമേ നമുക്കു രക്ഷയുള്ളു. ഈ ലേഖനം വായിക്കുന്നോ! സ്വജനങ്ങൾ സ്വാനുഭവത്തെ മുൻനിറുത്തി ഗാഢമായി ചിന്തിച്ചു ഈ പത്രദ്വാരാ

മതംപറ്റി എടുക്കണമെന്നപേക്ഷ. നാം മതപരിവർത്തനം ചെയ്യണമെന്നു തീരുമാനിക്കുന്നപക്ഷം ഏതു പ്രസ്ഥാനത്തോടു സഹകരിക്കുന്നുവോ അവിടെ നമ്മൾക്കു ശരിയായ നിലയും വിലയും സഹായ സഹകരണങ്ങളും ഉണ്ടായിരിക്കത്തക്കവണ്ണം നേതാക്കന്മാരുമായി ഗാഢമായ ആലോചനകൾ നടത്തി ആവശ്യക സംഗതികളിൽ പ്രവേശിക്കേണ്ടതാണ്. നാം ഒററ ഒററയായി മതം മാറിയതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു നാം കൂട്ടം കൂട്ടമായിത്തന്നെ മതം മാറിയെങ്കിലേ നമുക്കു ശക്തിവർദ്ധിക്കയുള്ളു. മതപരിവർത്തനത്തിൽ നമ്മുടെ മഹാകവിയുടെ അഭിപ്രായം കൂടി ചേർത്തുകൊണ്ടു ഇതിനെ ഉപസംഹരിക്കുന്നു.

(ഹാ) എത്രയോ ദൂരംവഴിതെററിനിൽക്കേണോ
രേഴകളുമൻപോയ്‌തൊട്ടിയിട്ടാൽ
ചിത്രമവനെത്തിചാരത്തിരുന്നിടാം
ചെറാം പേടിക്കേണ്ടനമ്പൂരാരെ
ഇത്രസുലഭവുമാശംസ്യവുമായി
സിദ്ധിക്കും സ്വാതന്ത്ര്യസൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങിശ്രേയസ്സുപേക്ഷിച്ചു
ബദ്ധരായ്‌മേവുമോ ജാതിജേലിൽ

(മഹാകവി എൻ. കുമാരനാശാൻ)

# പ്രകൃതാവശേഷൻ

(കുമരകം പി. എൻ. പണിക്കർ)

സുവാസ്സുവല്ലേ പ്രേമരസംചൊരിഞ്ഞു–
സ്വതക്കനൽകും സുരഭീ! നിതാന്തം
സർവ്വാർത്ഥനിർവ്വാണഭണ്ഡാരതാംബേ!
സാരാത്മകേ! നീനിതരാംജയിപ്പൂ.

സ്വാതന്ത്ര്യമാകുംകലൃദൈവതത്തിൻ
സർവാത്മനോപാസകസൂരിവര്യൻ,
രാഷ്ട്രീയനേതാക്കളിലഗ്രഗണ്യൻ
ജയിക്ക"ലാലാജി"ജഗൽസുപൂജ്യൻ. ൧

തായയ്ക്കുവേണ്ടിച്ചുടുരക്തമെന്നും-
വർഷിക്കുവാൻസ്വാന്തമനസ്സുറച്ചോൻ,
പുരാണപുണ്യാത്മകയോഗി,സിദ്ധ-
രാജർഷി, രാജിക്കുകധന്യധാമം. ൨

കഠോരമാഘാതകവക്ത്രഭാവം
നോക്കിപ്പുഞ്ചിരിത്തുകിടുന്നോൻ
അകാലമൃത്യുത്തിരയിൽപെടാനായ്
ഭവിച്ചുപോയോ-ഹതദൈവയോഗാൽ ൩

നമുക്കു-ഹാ-ഭാവുകവീരഭാവം-
പൊയ്പ്പോയിവന്ദ്യൻ-ഭരദൈവമായോൻ
ആവന്ദ്യനോ-ഭാരതഭൂമിതന്റെ
പൊന്നോമനക്കൊച്ചുകിടാവുതന്നെ. ൪

വൃഥാപൊഴിച്ചീടുകബാഷ്പവർഷ
മിന്ത്യാവനീ-നിന്റെവിശുദ്ധമാറിൽ
സ്വാതന്ത്ര്യഹാരത്തെയെടുത്തുചാർത്താൻ
പോന്നോരുതൈക്കെകളഹോ! തളർന്നു. ൫

വീരൻ-വരിഷ്ഠൻ-ഭരതോർവ്വിതന്റെ
സീമന്തസൂനപ്രഭവൻ-കഠോരം
ഗമിച്ചുതെങ്ങോ;ണരുതാരമായി
ശ്ശോഭിച്ചുകൊൾവൂ,ജഗദേകദീപം, ൬

നേതാവുപൊയ്പ്പോയ്;നിഖിലാവനിനിൻ
ദുഷ്കർമ്മയോഗത്തികവാ,രറിഞ്ഞു.
ഇക്കണ്ണുനീരാൽപ്രളയംഭവിച്ചു
പോയീടുമെന്നോ? വിധിതൻവിധാനം. ൭

എന്നെന്നുമാ-ത്താരമതീവദിവ്യ-
തേജസ്സുപാരംചൊരിയാവുപാരിൽ
അത്ദിവ്യതേജഃപ്രസരത്തിൽനമ്മാം
സ്വാതന്ത്ര്യമാർഗത്തെയറിഞ്ഞുകൊള്ളാം. ൮

പ്രപഞ്ചമേ! നിൻെറ പ്രപഞ്ചനത്തിൽ
പ്രസാധകർത്തൃത്വമിതെത്രചിത്രം
പ്രഭാവസൂവിൻ പ്രഭവപ്രഭാത-
പ്രഭാവമാകാം; പ്രകൃതാവശേഷൻ. ൧൦

---

# പത്രാധിപഭാരതം

---

(കേരളദപ്പണത്തിൽ പ്രസിദ്ധപ്പെടുത്തിയതു്)

(പരേതനായ കെ. രാമകൃഷ്ണപിള്ള ബി. എ. അവർകൾ

പറകയാൽ രചിച്ചു.)

( സരസകവി. മൂലൂർ. എസ്. പത്മനാഭപ്പണിക്കർ.)

മാക്കിട്ടുപത്മമുഖി കേരളപത്രപാല-
ന്മാക്കിന്നുതത്തളരചിത സ്ഥിതി ചേൎന്നപോലെ
ഒക്കൊന്ന "ഭാരതകഥാപുരുഷത്വ"മേകി
കേൾക്കേണമെങ്കിലരികത്തിരിഞ്ഞാൻകഥിക്കാം

ന്യായത്തിനല്ല നിലകൊണ്ടു സഭാപിപശ്ചിൻ
ഭൂയിഷ്ഠസമ്മതിലഭിച്ചുവസിക്കമൂലം
സ്വായൽപ്രഭാവനിധി' കേരളമിത്രനാഥ"
നായീട്ടമസ്സുകൃതിസന്മതി "ധർമ്മപുത്രൻ"

നാമാന്തരപ്പേരുണ്ണസഞ്ചയവുംകവിഞ്ഞ-
സാമത്ഥ്യവും പരമഗൗരവവുംവഹിക്കും
ശ്രീമാനഭ്രമി'മലയാളമനോരമേ'ന്ദ്രൻ
ചാമീകരാഭരണകർണ്ണിനി"കർണ്ണനല്ലോ"

വിദ്യാധുരന്ധരവധൂകലരത്നമായ
വിദ്യുല്ലതാവിലസിതാംഗി! വചിച്ചിടാംഞാൻ
"വിദ്യാവിനോദിനി"യെന്നിസ്സുലമുദ്രഹിക്കും
ഖിദ്രാൻപരാക്രമി "സുയോധന"മേഖിനീന്ദ്രൻ

കാന്തേ മഹാർഹതരമായകുലീനഭാവ-
മേന്തിസ്സമിദ്ധഗുണസഞ്ചയമെങ്കിലും താൻ
ശാന്താത്മകത്വമിയലും "കവനോദയശ്രീ"
കാന്തൻ നയാംബുനിധി "ഭീഷ്മ" നരാതി "ഭീഷ്മൻ"

സത്സഞ്ചയത്തിനുടെ വൃത്തതതിക്കുമോരോ
കുത്സാവശംവദത കണ്ടു കഥിക്കമൂലം
ഉത്സാഹശാലി ബലി "കേരളപത്രികേ"ശൻ
"ദുശ്ശാസന" ക്ഷിതിപനാണു കരേണുയാനേ!

നിസ്സീമശക്തിയൊടു ദുഷ്കവിവംശപാശ
ദുശ്ശാസനാദികളെയൊക്കെയമർക്കുമാഢ്യൻ
നൽസാഹിതീജലധി "കേരളദർപ്പണേ"ന്ദ്രൻ
നൽസാമജപ്രവരഗാമിനി "ഭീമ"നല്ലോ

വഞ്ചാതുരീസഹിതവാങ്മയസായകത്താൽ
നെഞ്ചൂറമുള്ള രിപുസേനകളെത്തകർക്കും
"സഞ്ചാരി" തൻ പതി പുരന്ദരവാരണേന്ദ്ര
സഞ്ചാരിണീമണി വധൂടി "കിരീടി"യല്ലോ

തത്തൽഗുണങ്ങളെഴുമസ്സഹജീവിമാരാൽ
സ്തുത്യപ്രഭാവനിധിയായമരുന്നമൂലം
തത്തകിശോരമൊഴി "ദീപിക" തന്റെ നാഥ-
നത്രേ ധരിക്ക "ഭഗദത്ത" ഭടപ്രധാനൻ

സുത്രാമസുന്ദരി സലാംതരുമെൻ സഹസ്ര
പത്രായതാക്ഷി! കലഹിച്ചു ഗമിച്ചിടേണ്ട
സത്യം ശ്രവിച്ചിടുക "പഞ്ചിക" തന്റെ പുത്തൻ
ഭർത്താവു താൻ "നകുല"നാണു കുലാംഗനാഢ്യേ

പ്രാശസ്ത്യമാർന്ന മൊഴി കൊണ്ടു ജനാന്തരംഗ-
വ്യാസക്തദോഷനികരങ്ങൾ നിരാകരിച്ചും
ഭാസിച്ചിരിക്കുമൊരു "കേരളചന്ദ്രികേ"ശൻ
"നാസത്യപുത്ര"നിളയോനിളമാൻ ചലാക്ഷി

എന്നത്തൊടിസ്വജനപംക്തിയിലുത്ഭവിക്കു
മുന്നതത്വമോർത്തു പറയാൻ മരുഭൂമി നേടി
നാനാഗുണങ്ങൾ വിലസും "മലയാളി"നാഥൻ
താനേതുമില്ല വിചികിത്സ "യുയുത്സു"വല്ലോ

മാകന്ദസായകകുടുംബിനിതോറ്റൊളിക്കു
ന്നാകല്പശില്പമിയലുംകുയിൽനാദവാണീ
നീകേട്ടുകൊള്ളുക "മനോരമ"തന്റെഭർത്താ
വാകുംമഹാൻഗുരുകൃപൻ "കൃപ"നാണുനൂനം

കൃത്യാന്തരാകുലതവിട്ടവശേഷവുംനീ
ശ്രദ്ധിച്ചുകേൾക്കകിളികിഞ്ചിതരത്നഗർഭേ
ഉത്താളകീർത്തികലരുന്നൊരു "സത്യനാദ"
പത്രേശനാണറിയ "സാത്യകി" പാർത്ഥശിഷ്യൻ

ചാഞ്ചല്യമാണ്ടുജലനീലിജലത്തിൽമുങ്ങി
ത്താൻചൂടപൂണ്ടുതൊഴുമെൻമഴമേഘവേണി
തേഞ്ചോടുവാക്കുചൊരിയുന്നൊരു "ചന്ദ്രികേ"ശൻ
"പാഞ്ചാല"നാണുകഥയുംവിവരിച്ചുതീർന്നു

---

# ഞാൻകേട്ട സംഭാഷണം.

---

(കെ. സി. കുട്ടൻ, ചേർത്തല)

രമേശൻ-പറയത്തക്ക വിദ്യാഭ്യാസമൊ, പണമോ, സൌന്ദര്യമൊ? യുവസാധാരണമായ പ്രസരിപ്പോ ഇല്ലാത്ത എന്റെ സഹധർമ്മിണി ആയിരിക്കുവാൻ അപേക്ഷിയ്ക്കുന്നതു് അപരാധമെങ്കിൽ ക്ഷമിക്കണം.

ശാന്തിമതി-നിങ്ങളെപ്പോലുള്ള യുവധീരന്മാരുടെ പ്രണയിനികളായിരിയ്ക്കുവാനുള്ള മഹാഭാഗ്യം മാദൃശകൾക്കുണ്ടാക [redacted] എന്നാണെന്റെ ബലമായ സംശയം.

രമേ-നിങ്ങളുടെകൂടെ സോല്ലാസംജീവിച്ചു സാമൂഹ്യപരിഷ്കരണവേല നടത്തുവാനുള്ള സൗഭാഗ്യം എനിയ്ക്കുണ്ടാകുമോ എന്നാണെന്റെ സംശയം.

ശാന്തി-കള്ളുവിററും, കലംതേച്ചും, കിടക്കുന്ന ഈറയുള്ളവളെ അവിടുന്നു ഇത്രസ്നേഹിക്കുന്നതെന്തിനു? നിങ്ങളുടെ പതീപദത്തെ ആഗ്രഹിക്കുന്ന ഒട്ടുവളരെ തരുണീരത്നങ്ങൾ ഇന്നു

നമ്മുടെ ഇടയിലുള്ളത് നിങ്ങൾ അറിയുന്നതുപോലെ ഞാനും അറിയുന്നുണ്ട്. [illegible] നിലയ്ക്ക് എന്നെ കൂടെക്കൂടെ പരിഹസിക്കുന്നതെന്തിന്?

രമ—അപ്പോൾ നാം തമ്മിലുള്ള വിവാഹം നിങ്ങൾക്കിഷ്ടമല്ലേന്നോ?

ശാന്തി-എനിയ്ക്കിഷ്ടമായാൽ ഫലമെന്ത് എനിയ്ക്കതിനുള്ള ഭാഗ്യമുണ്ടോ?

രമ—അതൊക്കെ ഇരിയ്ക്കട്ടെ നിങ്ങൾക്കു സമ്മതം തന്നയോ അതു പറയണം.

ശാന്തി-എനിയ്ക്കു സമ്മതമാണെന്നറിഞ്ഞിരുന്നിട്ടും ഇമ്മാതിരി ചോദ്യങ്ങളെക്കൊണ്ടെന്നെ വീണ്ടും വീണ്ടും ക്ഷീണിപ്പിക്കുന്നതെന്തിനാണ്.

രമ—അല്ല നിങ്ങളുടെ മുത്തശ്ശിയ്ക്കും, അമ്മാവനും നാം തമ്മിലുള്ള വിവാഹം അത്ര രസമല്ലെന്നറിഞ്ഞതിനാലാണ് വീണ്ടും, വീണ്ടും ചോദിയ്ക്കുന്നത്.

ശാന്തി-അവർ ഒരു അറിവും ഇല്ലാത്തവർ എന്നറിയരുതോ? അവർ പണം പണം എന്നു ജപിച്ചുകൊണ്ടിരിക്കയാണ്. സമുദായശുശ്രൂഷകരെന്നും, പൊതുജന ഗുണകാംക്ഷികളെന്നും, ത്യാഗികളെന്നും ഒക്കെ പറഞ്ഞാൽ എന്റെ ആളുകൾക്കൊന്നും മനസ്സിലാകയില്ല. കുടുംബക്കാരനെന്നും ചെട്ടുകാരനെന്നും പറഞ്ഞാൽ അവർക്കു ശരിക്കു മനസ്സിലാകും. ജാതിവ്യത്യാസം ഏററവും ആവശ്യമെന്നാകുന്നു അവരുടെ അഭിപ്രായം. നിങ്ങൾ പുലയരുമായൊരുമിച്ചുണ്ണു കഴിക്കുന്നതും, അവരെ നിങ്ങളുടെ വീട്ടിൽ കടത്തുന്നതും എന്റെ ആളുകൾക്കു തീരെ ഇഷ്ടമില്ല. എന്റെ അമ്മാവൻ നിങ്ങളുടെ ഒക്കെ സംസർഗംകൊണ്ടു കുറെ ഒക്കെ നന്നായിരിക്കുമെന്നാണു ഞാൻ വിചാരിച്ചിരുന്നത്. അദ്ദേഹം നിങ്ങളുടെ സ്നേഹിതനും ആണല്ലോ. നമ്മുടെ വിവാഹത്തിനും അദ്ദേഹമാണു പ്രധാന പ്രതിബന്ധം. മുത്തശ്ശിവഴി എന്നെയും തെററിക്കുവാൻ അദ്ദേഹം ചില പ്രചരണവേലകൾ ആരംഭിച്ചിരിക്കുകയാണ്. എന്റെ അമ്മാവനെപ്പോലെ ഇത്ര വലിയ പരിഷ്ക്കാരവിരോധിയെ ഞാൻ കണ്ടിട്ടില്ല. നിങ്ങളോടു പറയുന്നതുപോലെയല്ല അദ്ദേഹത്തിന്റെ പ്രവൃത്തി. അതിനിയെങ്കിലും അറി

ഞ്ഞുകൊള്ളണേ. നിങ്ങളുടെ സമുദായ പരിഷ്കരണശ്രമങ്ങളെ ഒക്കെ പുറമേ തരംപോലെയും അകമെ എല്ലായ്പ്പോഴും ശപിക്കുന്ന ഒരുവൻ ഇവിടെ ഉള്ളതു നിങ്ങളുടെ ഉററസ്നേഹിതനാ എൻെറ മാന്യനായ അമ്മാവൻതന്നെ. എസ്. എൻ. ഡി. പി. യോഗമെന്നും, സഹോദരസംഘമെന്നും കേട്ടാൽ അദ്ദേഹത്തിനുള്ള ദ്വേഷ്യം ചില്ലറയല്ല. എന്നാൽ പുറകോട്ടുനോക്കികളായ ആത്മവിദ്യാസംഘക്കാരോടു ബഹുസന്തോഷവുമാണ്. അവരിൽ ചിലർ അദ്ദേഹത്തിനു എന്തൊക്കെയൊ ഉപദേശം കൊടുത്തിട്ടുണ്ടത്രേ. ആത്മവിദ്യയുടെ നിരത്ഥകതയേക്കുറിച്ചറിയുവാനുള്ള ബുദ്ധി എൻെറ അമ്മാവനില്ല. അതു പറയാതെ കഴികയില്ലല്ലോ? ഞാൻ ഒരു "ചതുരചോകോൻെറ" "ചതുരചോകോത്തി" ആയി നിർഭാഗ്യയായിതന്നെ കഴിഞ്ഞുകൂടണമെന്നാണ് അദ്ദേഹത്തിൻെറ പരമമായ ഉദ്ദേശം. അമ്മാവന്മാർക്ക് അങ്ങനെ ഒരുദ്ദേശം ഉണ്ടാകുന്നതു കുററമല്ലല്ലോ. പ്രണയത്തിൻെറ വിലയുണ്ടോ ആ സാധുക്കൾ അറിയുന്നു. എന്തിനധികം പറയുന്നു. ഭാഗ്യവാനായ നിങ്ങളുടെ പ്രേമഭാജനമായിരിയ്ക്കുവാൻ ഇടയാകാത്തപക്ഷം ഈ ജന്മം ഞാൻ വിവാഹം ചെയ്യുകയില്ല—അതെ വേറൊരാളെ ഭർത്താവായി സ്മരിക്കുവാൻ പോലും ഞാൻ ഒരുങ്ങുകയില്ല—നിങ്ങളോടു ചേരുവാൻ ഇടയാകാത്തപക്ഷംവ്യസനിക്കേണ്ടതുഞാനല്ലേ? ഈ ഭാഗ്യഹീനയേ നിങ്ങൾ എന്തിനാണ് സ്നേഹിച്ചതു്. ഒന്നു തീർച്ചയാണു്. നിങ്ങളുടെ...അല്ലെങ്കിൽഞാനില്ല. സ്വാതന്ത്ര്യസ്ഥാപനാർത്ഥമുള്ള സകലവേലയിലും നിങ്ങളെ സഹായിച്ചുകൊണ്ടൊരുമിച്ചു ജീവിക്കുവാനുള്ള എൻെറ ആഗ്രഹം അചിരേണ നിറവേററുമെന്നുതന്നെയാണെൻെറ വിശ്വാസം.

രമ—പ്രിയേ എന്തിനാണു നീ ഈവിധമെല്ലാമെന്നേ പരിഹസിക്കുന്നതു്. ഇരിയ്ക്കട്ടെ ആലപ്പുഴയിലെ വിപ്ലവസംഘത്തിലൊരു പ്രസംഗം ചെയ്യാമോ?

ശാന്തി—അതൊക്കെ ഇരിക്കട്ടെ. ഇവിടെ സംഘടന എന്നുതുടങ്ങും. ക്ഷേത്രപ്രവേശനവും ഉടനെതന്നെ ഇവിടെ നടക്കുമോ?

രമ—സംഘടനയും, ക്ഷേത്രപ്രവേശനവും ഇവിടെ ഉടനെ തുടങ്ങുമെന്നാണറിയുന്നതു്. എല്ലാററിനും റി. ടി. കെ. മാധവൻതന്നെ വേണമെന്നറിയരുതോ? പ്രോത്സാഹിപ്പിക്കുവാനല്ല ഉപദ്രവിക്കുവാനാണു നമ്മുടെ ഇടയിൽ ആളുകളു

ളളത്. ക്ഷേത്രപ്രവേശനം ഓച്ചിറമുതൽ തുടങ്ങിയിരിക്കുകയാണ്. സവർണ്ണരിൽ, ക്ഷേത്രങ്ങളിലെ പാത്രംതേപ്പുകാരും, എച്ചിൽ പെറുക്കികളും പട്ടന്മാരും ഒഴിച്ച് സകലരും ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്നു. എന്നാൽ നമ്മളിൽ ചില "ശ്രീപരമേശ്വരന്മാർ" ഉള്ളതു മറക്കാവുന്നതല്ല. എസ്സ്. എൻ. ഡി. പി. യോഗക്കാർ ഈയിടെ തിരുവനന്തപുരത്തുവച്ച് ഒരു കൌൺസിൽകൂടി ഓച്ചിറയിലെ ക്ഷേത്രപ്രവേശനം യോഗത്തിൻെറ അറിവോടുകൂടിയല്ലെന്നു, ഇപ്പോൾ സെക്രട്ടറിമാരിൽ ഒരാളായിരിക്കുന്ന മി. എം. ഗോവിന്ദൻ പത്രങ്ങളിൽ പരസ്യം ചെയ്തിരിക്കുന്നു. എസ്. എൻ. ഡി. പി. യുടെ അനുമതിയോടുകൂടി ആയിരുന്നോ ഓച്ചിറ ക്ഷേത്രപ്രവേശനം നടത്തിയതെന്നു യോഗക്കാരോട് ആരും ചോദിച്ചിരുന്നതായറിഞ്ഞില്ല. എന്നിട്ടും ഇപ്രകാരം ചെയ്തില്ലെങ്കിൽ ചിലരുടെ സേവമോശമാകുമെന്നു നമ്മുടെ സെക്രട്ടറിമാക്കറിയാം. ചിലരുടെ സ്നേഹം മൂലമുള്ള സ്വന്ത സുഖലാഭത്തിനു വേണ്ടി സമുദായത്തിൻെറ അവകാശത്തെ വിഗണിക്കുന്നവർ നേതൃസ്ഥാനത്തു വരുന്നതു വലിയ ഭാഗ്യദോഷംതന്നേയാണ്. സെക്രട്ടറിമാർ വൈസ്രോയിക്കു മെമ്മോറിയൽ കൊടുക്കുന്ന കാര്യത്തിലും വിരോധികളായിരുന്നു എന്നറിഞ്ഞിരിക്കുമല്ലോ; അതിനും കാരണം സേവതന്നെ. സമർത്ഥനായ മി. ടി കെ. മാധവൻെറയും സഹപ്രവത്തകരായ യുവാക്കന്മാരുടേയും അക്ഷീണപരിശ്രമം മൂലം മെമ്മോറിയൽ വൈസ്രോയി അവർകൾക്കു കൊടുക്കുക തന്നെ ചെയ്തു. സമുദായഭൂരിപക്ഷത്തിനു വിപരീതമായി നില്ക്കുവാനും നമ്മുടെ സെക്രട്ടറിമാക്കു ഭയമില്ല. എന്തു ചെയ്യും. ഏതായാലും അടുത്ത എസ്. എൻ. ഡി. പി. യോഗം കൂടുമ്പോൾ ഇവരെഒന്നു ശരിപ്പെടുത്താതിരിക്കുകയില്ല. മി ഗോവിന്ദൻെറ സമുദായസ്നേഹം അദ്ദേഹം ഉദ്യോഗത്തിൽ ഇരുന്നകാലത്തു നമ്മുടെ ആളുകൾ നല്ലതുപോലെ അറിഞ്ഞിട്ടുണ്ട്. സംഘടനയ്ക്കായി മി. ടി. കെ. ഇവിടെ വരുമ്പോൾ നിങ്ങളെല്ലാം യോഗാംഗങ്ങളാകുമോ?

ശാന്തി—നിശ്ചയമായും ഞാൻ അംഗമാവും. എൻെറ ഉത്സാഹത്തിൽ വളരെ സ്ത്രീകളെ അംഗങ്ങളാക്കുകയും ചെയ്യും. നിങ്ങൾക്കു വിരോധമില്ലാത്തപക്ഷം സ്ത്രീകളുടെ ഇടയിൽ ആർഗനയിസു ചെയ്യുവാനും എനിക്കു ആഗ്രഹമുണ്ട്.

രമ-എന്തു് എനിയ്ക്കു വിരോധമോ? ഇതിലെല്ലാം നിങ്ങൾക്കു വൈമുഖ്യമുണ്ടാകുമെങ്കിൽ അതിലെ എനിക്കു വിരോധമുള്ളു. ഇരിയ്ക്കട്ടെ നിങ്ങൾ ക്ഷേത്രത്തിൽ പ്രവേശിക്കുമോ?

ശാന്തി-നിങ്ങളുടെ കൂടെ ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ എനിയ്ക്കു ശേഷം അധൈര്യമില്ല. സമാധാനപാലനത്തിനു നമ്മുടെ പോലീസുകാരെ അവരുടെ മര്യാദയില്ലായ്മയെ നിരീക്ഷിക്കുമ്പോൾ ഭയമില്ലാതേയും ഇല്ല. നിങ്ങളുടെ കൂടെ എനിയ്ക്കതിനും വകയില്ലെല്ലൊ. അയ്യോ? വൈക്കത്തു സത്യാഗ്രഹം അനുഷ്ഠിച്ച ആ മാന്യമഹിളാമണികളോടു എന്തെല്ലാം അസഭ്യങ്ങളാണു് അവിടെ കാവൽ നിന്നിരുന്ന പോലീസുകാർ പറഞ്ഞുകൂട്ടിയതു്.

രമ-ഇല്ല ഭയം തീരെ വേണ്ട. പോലീസുകാരും മനുഷ്യരാണ്. അവർ നമ്മുടെ സഹോദരന്മാരാണ്. ക്ഷേത്രപ്രവേശനത്തിന്റെ ആവശ്യം അവരും ഇന്നറിഞ്ഞു കഴിഞ്ഞു. എന്നോടുകൂടിയെങ്കിലും ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ തയ്യാറാകുന്ന ആ മനസ്ഥിതിയെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ എന്റെ കൂടെ നിങ്ങൾക്കങ്ങിനെ വരുവാൻ സാധിക്കുമെന്നു മനസ്സിലാവുന്നില്ല.

ശാന്തി-അതെ, കാലുകൊണ്ടു നടന്നു പെണ്ണുങ്ങളെപ്പോലെ വരും.

രമ-ഓ കാണാമല്ലോ. അമ്മാവനോ മുത്തശ്ശിയോ വിളിച്ചാൽ അപ്പോൾ നിശ്ചയമായും കാണാം, ഭംഗി പറയാതെ പോയിരുന്നു വല്ല പുസ്തകവും എടുത്തു വായിക്കൂ. ഞാൻ പോകുന്നു.

ശാന്തി-പരിഹസിക്കുവാൻ നിങ്ങൾ പണ്ടേ സമർത്ഥനാണെന്നു ഞാൻ കേട്ടിട്ടുണ്ടു്. എന്റെ പരിചയത്തിലും അങ്ങിനെ തന്നെ. ഇക്കാര്യത്തിലൊക്കെ എന്നെ തടയുവാൻ നിങ്ങൾക്കല്ലാതെ ഈ ജന്മം മററാക്കും സാധിക്കുകയില്ല. വെറുതെ എന്തിനതുമിതും പറയുന്നു. ഞാൻ ഇപ്പോൾ പോകുന്നില്ല. പുസ്തകവും വായിക്കുന്നില്ല. നിങ്ങളെ പോകുവാനും സമ്മതിക്കുന്നില്ല. വല്യ ധീരനല്ലേ? ഒന്നു പോകു കാണട്ടേ.

രമ-നിന്റെ ഇഷ്ടത്തിനു മറുത്തു പ്രവൃത്തിക്കുവാൻ ഞാനാളല്ലെന്നു നീ അറിയുന്നുണ്ടല്ലോ. പിന്നെയും പരിഹ

നിക്കുക തന്നെ. ഇതു സ്ത്രീകളുടെ സ്വഭാവമാണല്ലോ. എനിക്കു നില്ക്കാൻ നേരമില്ല. "നാട്ടുരാജ്യപ്രജാസംഘ"ത്തിന്റെ ഒരു സമ്മേളനം നാളെ തിരുവനന്തപുരത്തു വച്ചു കൂടുന്നു. അതിൽ സംബന്ധിക്കേണ്ടതു് വളരെ ആവശ്യമാണു്. റീജൻസി നീട്ടുവാൻ പാടില്ലെന്നും മററും വലിയ പ്രധാനമായ നിശ്ചയങ്ങളെല്ലാം നാളത്തെ സഭയുടെ ആലോചനക്കു വരുന്നതാണു്. മഹാരാജാവിനു പ്രായമായിരിക്കുന്നതിനാൽ റീജൻസി നീട്ടുവാൻ പാടില്ലെന്ന പക്ഷക്കാരനാണു ഞാൻ. അതിനു പ്രാബല്യം വരുത്തുവാൻ എനിക്കും ആ നിലയ്ക്കു ചുമതലയുണ്ടല്ലോ. ഇപ്പോഴത്തെ ഗവർമ്മെൻറു ഭരണം തന്നെ തൃപ്തികരമല്ല. രാജ്യതന്ത്രത്തിൽ ഒരു നൈപുണിയും ഇല്ലാത്ത ആളാണു മി. വി. എസ്. സുബ്രഹ്മണ്യയ്യർ. മി. അയ്യരുടെ ഭരണകാലത്തു ഈ രാജ്യത്തിനു് ഒരു രക്ഷയും ഉണ്ടാകുകയില്ല. പാണ്ടിയിൽനിന്നു കാലക്ഷേപമാർഗ്ഗം അന്വേഷിച്ചു വന്ന പട്ടന്മാരെല്ലാം ഇപ്പോൾ ഇവിടെ പ്രമാണികളായി നമ്മുടെ മേധാവികളായിരിക്കുകയാണു്. നമ്മുടെ രാജ്യം ഇപ്പോൾ അവരുടെ കയ്യിലാണു്. അവരിൽനിന്നു നമ്മുടെ രാജ്യത്തെ വീണ്ടെടുക്കുന്നതിനും റീജൻസി നീട്ടാതിരിക്കുന്നതു ധാരാളം ഉപകരിക്കും.

ശാന്തി—മഹാറാണി കാരുണ്യവതിയല്ലേ? അവരുടെ ഭരണകാലത്തല്ലേ പൂരപ്പാട്ടും സർക്കാർ ക്ഷേത്രങ്ങളിലെ ജന്തുബലിയും നിറുത്തിയതു്. അതിൽ തിരുമേനിയെ അഭിനന്ദിക്കേണ്ടതല്ലേ.

രമേ—അതിൽ എന്നും അഭിനന്ദിക്കേണ്ടതുതന്നെ. അതുകൊണ്ടു മാത്രം രാജ്യഭരണം ശരിക്കു നിർവഹിക്കുന്നു എന്നു പറവാൻ പാടില്ല. വേറെ പല ഗൗരവമേറിയ കാര്യങ്ങളും അടങ്ങിയതാണു് രാജ്യഭരണം.

ഈ റീജൻസികാലത്തെ മാതിരി പട്ടർ മേധാവിത്വം ഇവിടെ ഒരിക്കലും ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. നാൽപത്തു ലക്ഷം പ്രജകളിൽ നാൽപത്തിഅയ്യായിരം പേർ മാത്രമുള്ള പട്ടന്മാരിൽ വലിയ ഉദ്യോഗങ്ങൾ വഹിക്കുന്നവർ ഈ രാജ്യത്തു അഞ്ഞൂറു പേരുണ്ടു്. ആറുലക്ഷമുള്ള ഇവിടത്തുകാരും ഈ രാജ്യത്തെ പല പ്രകാരത്തിൽ ഫലസമൃദ്ധമാക്കിത്തീർക്കുന്നവരും ആയ ഈഴവരിൽ പറയത്തക്ക ഉദ്യോഗമുള്ളവർ വെറും മുപ്പത്തിരണ്ടു മാത്രമാകുന്നു. നോക്കുക പട്ടർ എങ്ങി

ന്നെ അവരുടെ നില ഉറപ്പിച്ചിരിക്കുന്നു. ഇതൊക്കെ കണ്ടാലും നമ്മുടെ നേതാക്കന്മാരും മററും ഈ പട്ടർ ഗവൎമ്മേൻറിനെ അഭിനന്ദിക്കുവാനാണൊരുക്കം. ഇതൊ പോകട്ടെ മുറജപം എന്നു പറഞ്ഞൊരു വലിയ അനീതി നടത്തുന്നു. അവിടെയും പട്ടന്മാൎക്കു കോളുതന്നെ. അതിനു ചെലവു ചെയ്യുന്ന ദ്രവ്യം ആറുലക്ഷമാകുന്നു. കുറെ നമ്പൂതിരിമാരെ വെള്ളത്തിലിറക്കി നിറുത്തി ജപിപ്പിച്ചു കരയ്ക്കു കയററി നിറുത്തിയുരുത്തി ചോറു കൊടുക്കുന്ന ഒരു ഏൎപ്പാടാണു മുറജപം. ഉണ്ണുന്നതിനു് ആ നമ്പൂതിരിമാൎക്കു കൂലിയും കൊടുക്കും. ഈ സദ്യയിൽ പങ്കെടുക്കുവാൻ നമ്പൂരാന്മാരെ അവരുടെ വീടുകളിൽ ചെന്നു നമ്മുടെ ഗവൎമ്മേൻറു പ്രതിനിധികൾ വെററില പാക്കു വച്ചു ക്ഷണിച്ചു പല്ലക്കിലേററി കൊട്ടും കുഴലുമായാണിവിടെ കൊണ്ടുവരുന്നതു്. എന്തൊരനീതി. ഇവിടെ പട്ടിണി കിടന്നു എത്രയെണ്ണം പൊരിയുന്ന അവസരത്തിലാണിവകയൊക്കെ നടത്തുന്നതെന്നു ചിന്തിക്കുക. ഇവിടെ പട്ടിണി കിടക്കുന്നവരെക്കുറിച്ചു മഹാറാണിക്കൊരു വിചാരവുമില്ല. സുഖമായുണ്ടുകഴിച്ചു സ്വൎഗസുഖമനുഭവിച്ചാനന്ദിച്ചു ആകലെ ജീവിച്ചുപോരുന്ന വൈശ്രവണസമാനരായ നമ്പൂതിരിമാൎക്കു ഊണും ദക്ഷിണയും കൊടുക്കുവാനാണു മഹാറാണിക്കു സന്തോഷം. ഈ വക അനീതികളൊന്നും ഇവിടെ ഇനി നടത്തുവാൻ പാടുള്ളതല്ല. അതിനാണു മുറജപപ്രതിഷേധവും മററും സമാരംഭിച്ചിരിക്കുന്നതു്. രാജ്യസ്നേഹമുള്ള സകലരും ഇമ്മാതിരി പ്രക്ഷോഭണങ്ങളെ സൎവപ്രകാരത്തിലും സഹായിക്കേണ്ടതാകുന്നു. പക്ഷെ കുറെ ഒക്കെ ത്യാഗമനുഭവിക്കുവാൻ തയാറുള്ളവൎക്കേ ഈ പ്രക്ഷോഭണങ്ങളിൽ ഏൎപ്പെടുവാൻ കഴിയുകയുള്ളൂ. രാജ്യസേവനത്തിനു സ്ത്രീകളും ഇറങ്ങുന്ന പതിവു തിരുവിതാംകൂറിൽ കണ്ടുവരുന്നില്ല. രാജ്യത്തിനും സ്ത്രീസമുദായത്തിനും അതു വലിയ കുറവാണു്. മററു രാജ്യങ്ങളിൽ രാജ്യസേവനാൎത്ഥം സ്ത്രീകൾ ജീവനെ തന്നെയും ഉപേക്ഷിക്കുന്നു സ്ത്രീകൾ പട്ടാളത്തിൽ ചേൎന്നു യുദ്ധം ചെയ്യുകപോലും പാശ്ചാത്യദേശത്തു സാധാരണമായിത്തീൎന്നിരിക്കുന്നു.

ശാന്തി ഇവിടെ സ്ത്രീകൾ രാജ്യസേവനത്തിനും, സമുദായസേവനത്തിനും ഇറങ്ങുന്നില്ലെങ്കിൽ കുററക്കാരികൾ സ്ത്രീകളല്ല. ഇവിടെ സ്ത്രീകൾ പുരുഷന്മാരുടെ കളിപ്പാട്ടങ്ങളാകുന്നു. പടിഞ്ഞാറൻ ദേശങ്ങളിൽ സ്ത്രീയെക്കൊണ്ടു പുരുഷനും, പുരുഷ

നെക്കൊണ്ടു സ്ത്രീയും ശോഭിക്കുന്നു. രണ്ടുകൂട്ടരും തുല്യശക്തികളാണവിടെ. എന്നാൽ നമ്മുടെ സ്ത്രീകൾക്കു കള്ളു വില്ക്കുവാനും കലംതേയ്ക്കുവാനും അങ്ങാടിയിൽ പോയി അലയുവാനും നിങ്ങളുടെ ആളുകൾ ഞങ്ങൾക്കു വേണ്ടുവോളം സ്വാതന്ത്ര്യം [illegible]നുവദിച്ചിട്ടുള്ളതു പറയാതെനിവൃത്തിയില്ല. ഇവിടെ പുരുഷന്മാർതന്നെ തികച്ചും സ്വാതന്ത്ര്യബോധമുള്ളവരാണൊ എന്നു ഞാൻ ബലമായി സംശയിക്കുന്നു. തൊഴിത്തിൽകുത്തിനാലകന്നുനിന്നു സ്പർദ്ധിച്ചു നശിക്കുന്നതിനും ഇടയാകുന്ന പ്രവൃത്തികളിൽ ഏർപ്പെടുവാനാണു് ഇവിടെ പുരുഷന്മാർക്കു തന്നെ ഇഷ്ടം കാണുന്നതു് രാജ്യക്ഷേമത്തിനുവേണ്ടതാലോചിക്കുവാനുള്ള നിയമസഭയിൽ ഒരു രാജ്യത്തെ പ്രജകളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു രാജ്യക്കാരായ പ്രതിനിധികൾ കാട്ടിക്കൂട്ടുന്ന നാശകരമായ പ്രവൃത്തികൾ തന്നെ ഇതിനുവേണ്ടുവോളം സാക്ഷ്യം വഹിക്കും. ഈഴവരുടെ കാര്യം പറയുന്നതിനുതന്നെ രണ്ടുപേർ അവിടെ ഉള്ളതു നാലു തട്ടിലല്ലേ. എത്രകഷ്ടം. അവർ നിയമസഭയിൽ എന്തെല്ലാം കാണിച്ചാലും അന്വേഷിക്കുന്ന സ്വഭാവം നമ്മുടെ സമുദായത്തിനില്ല. അടുത്ത തെരഞ്ഞെടുപ്പിനു നിങ്ങൾ നിൽക്കുന്നതു് വാസ്തവം തന്നെയോ?

രമ-അടുത്തപ്രാവശ്യം നിയമസഭയ്ക്കു പോകുവാൻ ഞാൻ ഉത്സാഹിക്കുന്നില്ല. കാരണം എനിക്കതിനു യോഗ്യതയില്ലാത്തതുകൊണ്ടുതന്നെ.

ശാന്തി-നിങ്ങളെ ഗവർമ്മെൻറു നിയമിച്ചാലോ.

രമ-സ്നേഹപൂർവ്വം ഉപേക്ഷിക്കും.

ശാന്തി-ഉപേക്ഷിക്കണമെന്നില്ല. തിരുവിതാംകൂർ നിയമസഭയിൽ ഒരു മെമ്പറായിരിക്കുവാനുള്ള യോഗ്യത നിങ്ങൾക്കുണ്ടു്. അവിടെ പോയാൽ ഗവർമ്മെണ്ടിന്റെ കണ്ണുരുട്ടും മിരട്ടും കണ്ടു് പകച്ചുപോകാതിരുന്നാൽ മതി. സമുദായപ്രതിനിധികൾക്കും രാജ്യകാര്യങ്ങളിൽ ഏർപ്പെടാം എന്നതു് മറന്നുപോകരുതു്. ഒന്നും കഴിഞ്ഞില്ലെങ്കിൽ കണിശമായെങ്കിലും ഹാജരാകണം എന്റെ കാര്യംകൊത്തു ഇങ്ങോട്ടോടിപ്പോന്നുകളയരുതു്. പിന്നെ ഒരുകാര്യം. എന്തുചെയ്തും. ശപിക്കപ്പെട്ട പാത്രറസ്സല്യൂഷൻ എടുത്തുകളയാൻ ശ്രമിക്കണം. സ്ത്രീമെമ്പറെ കളിയാക്കുന്ന സ്വഭാവവും ഉപേക്ഷിക്കണം. പുതുവൽ വേണമെന്നും, കുറപ്പണം കടം വേണമെന്നും ഗവർമ്മെണ്ടിനോടപേക്ഷിക്കയും അ

ട്ട്. ഇത്രയും ചെയ്യുമെങ്കിൽ അതുതന്നെ ഒരു വലിയ കാര്യമാണു. പിന്നെ വിപ്ലവസംഘക്കാരുമായി നിങ്ങൾ സഹകരിച്ചു പ്രവർത്തിക്കരുത്; വിപ്ലവം ശരിയാണൊ എന്നു എനിക്കു സംശയമുണ്ട്.

രമ-എന്തു് വിപ്ലവമോ? വിപ്ലവംകൊണ്ടെ രാജ്യത്തിനു ശരിയായ സമാധാനമുണ്ടാകയുള്ളൂ. സമാധാനത്തെ ആഗ്രഹിക്കുന്നവർ നിശ്ചയമായും വിപ്ലവത്തിനു സ്വാഗതം പറകതന്നെ ചെയ്യും. മെ. കെ അയ്യപ്പൻ ബി. എ. എം. രാഘവമ്മൻ ബി. എ. എൽ. റി ടി. കെ. മാധവൻ ഇവരും വിപ്ലവം കൊണ്ടെ സമാധാനം പാലിക്കുവാൻ സാധിക്കയുള്ളൂ എന്നു വിശ്വസിക്കുന്നവരാണ്. ഒരു ഹിന്തുവിനു ഒരിക്കലും വി വിപ്ലവത്തെ എതൃക്കുവാൻ സാധിക്കുകയില്ല. ഹിന്തുക്കളുടെ അവതാരമായ ശ്രീകൃഷ്ണൻ അവർകൾ ഒരു മഹാ വിപ്ലവകാരനായിരുന്നു. ഭഗവൽഗീത ഒരു വിപ്ലവസന്ദേശമാകുന്നു. വിപ്ലവം കൊണ്ടാണു ധർമ്മപുത്രാദികൾ ഭാരതത്തിൽ സമാധാനഭരണം നടത്തിയതു. എന്നുവേണ്ട ഇപ്പോഴത്തെ ലോകസമാധാനത്തിനുതന്നെ കാരണം വിപ്ലവം ഒന്നു മാത്രമാകുന്നു. എവിട [redacted] ഒക്കെ ചരിത്രം വേണമെങ്കിലും അതിനുദാഹരിക്കുവാനുണ്ട്. അതിനാൽ ഒരു വിപ്ളവകാരിയായി ജീവിച്ചു മരണമടയുവാനാണെനിയ്ക്കിഷ്ടം. നിങ്ങളുടെ അഭിപ്രായം അതിനു വിപരീതമാണെങ്കിൽ നാംതമ്മിൽ ചേരുന്നതെങ്ങിനെ എന്നു് എനിക്കു് മനസ്സിലാകുന്നില്ല.

ശാന്തി-ഇല്ല എന്റെ സംശയം തീൎന്നു. വിപ്ളവത്തെക്കുറിച്ചു വേണ്ടുവോളം അറിയാത്തതുകൊണ്ടു ഞാൻ ഇത്രയും പറഞ്ഞുപോയതാണ്. കേട്ടമാത്രയിൽ തന്നെ നാംതമ്മിൽ ചേരുന്നതെങ്ങിനെ എന്നും തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ബഹുരസം തന്നെ. എന്തു എന്നോളം വിപ്ളവത്തെ നിങ്ങൾക്കിഷ്ടമാണോ? ഞാനൊന്നു ചോദിച്ചുകൊള്ളട്ടേ. മിശ്രഭോജനവും, മിശ്രവിവാഹവുംകൊണ്ടെ ജാതി പോകുകയുള്ളൂ എന്നു നിങ്ങൾ എഴുതുകയും ധീരധീരം പ്രസംഗിക്കുകയും ചെയ്യുന്ന നിലക്കു [redacted] പുലയയുവതിയെ കല്യാണം ചെയ്യുവാൻ ഉത്സാഹിക്കാതെ എന്തിനെന്നേ വേണമെന്നു വയ്ക്കുന്നതു ശരിയാണൊ? ഏതായാലും ആലപ്പുഴയിലെ സമ്മേളനത്തിൽ ഞാൻ പ്രസംഗിക്കാം.

രമെ-വിവാഹം ആരെ കിലും മതിപ്പിക്കവാൻ ഉള്ളകന്നല്ല. യഥാർത്ഥപ്രേമം എന്തെന്നറിയുന്നവർ എന്റെ ഈ ആലോചനയെ എതിർക്കുകയില്ല. എന്റെ ഈ ആഗ്രഹം ഒരു പുലയയുവതിയെ ഉദ്ദേശിച്ചായിരുന്നെങ്കിൽ ജാതിയുടെപേരിൽ പലരും എതിർക്കുവാനുണ്ടാകുമായിരുന്നു. അതുണ്ടാവരുതെന്നാണു് മിശ്ര വിവാഹാദികൾ പറയുന്നതു്. ഇഷ്ടമുള്ള സ്ത്രീയും, ഇഷ്ടമുള്ള പുരുഷനും തമ്മിൽ നടക്കുന്ന വിവാഹം ജാതിനോക്കി തടയുന്ന സ്വഭാവം ജനങ്ങൾ ഉപേക്ഷിക്കണം. വിവാഹത്തി[illegible] ആരേയും നിർബന്ധിക്കുവാൻപാടുള്ളതല്ല. വിവാഹിച്ചു പ്രണയിക്കുന്ന സ്വഭാവവും നല്ലതല്ല. എനിക്കു നിങ്ങളിലുള്ള പ്രേമം ഒരു പുലയസ്ത്രീയിലായിരുന്നു എങ്കിൽ പ്രതിബന്ധങ്ങളെ ഭയന്നു വിവാഹിക്കാതെ ഓടിപ്പോകുന്ന സ്വഭാവമല്ല എനിക്കുള്ളതു്. എന്തുകൊണ്ടോ എന്റെപ്രേമം നിങ്ങളിലാണു്. നിങ്ങൾക്കെന്നിൽ പ്രേമമില്ലെന്നുവന്നാൽതന്നെയും നിങ്ങളെ ഉപേക്ഷിക്കുവാൻ പാടില്ലാത്ത ഗഹന നിലയിൽ എന്റെ പ്രേമം നിങ്ങളിൽ എത്തിച്ചേർന്നിരിക്കുകയാണു്. നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. എന്നാലും നിങ്ങൾ എന്റേതാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എനിക്കിനിയധികം താമസിക്കുവാൻ സമയമില്ല. ഞാൻപോകട്ടെ.

ശാന്ത-വളരെ നാളുകൂടിയാണിവിധം കാണുന്നതു്. [illegible]ണു വേഗം പോകുവാനും ധൃതിയുണ്ടു്. ഈയിടെ ആലപ്പുഴയിൽ പ്രധാനപ്പെട്ട ഒരുദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ അടുക്കൽ ഉദ്യോഗാപേക്ഷയുംകൊണ്ടുചെന്ന ഒരു ഈഴവയുവാവിനോടു "ചെത്തുവാൻ പോകുക" എന്നുപറഞ്ഞുപരിഹസിച്ചതായറിയുന്നു. അവിടെയുള്ള നമ്മുടെ വക്കീലന്മാർ ഒരു ഡെപ്യൂട്ടേഷനായി ചെന്നു് ആ ഉദ്യോഗസ്ഥനോടു അതേക്കുറിച്ചെന്തൊക്കെയോ സംസാരിച്ചെന്നും കേട്ടു. നിങ്ങൾ അതൊന്നും അറിഞ്ഞില്ലെ. ഡെപ്യൂട്ടേഷനും ഹർജിയുംകൊണ്ടു് കാര്യമൊന്നും നടക്കുന്ന ലക്ഷണങ്ങൾ കാണുന്നില്ല. നിങ്ങളുടെ അഭിപ്രായം എന്തു്?

രമേ-ഈ സംഗതി പരമാർത്ഥമാണെന്നാണറിയുന്നതു്. ഡെപ്യൂട്ടേഷനുശേഷം ആ ഉദ്യോഗസ്ഥൻ മര്യാദയായി പെരുമാറുന്നു എന്നും അറിയുന്നു. പിന്നെ ആ കാര്യത്തിനു വഴക്കുണ്ടാക്കുന്നതു ശരിയല്ലല്ലോ. ഞാൻ പോകട്ടെ എനിക്കു സമാധാനമായി പോകാമല്ലോ?

ശാന്ത-കഷ്ടം എന്തിനിങ്ങനെ പറയുന്നു. പ്രിയതമാ അവിടുന്നു സുഖമായി പോയിവന്നാലും. പോരുമ്പോൾ ആ ശാന്റെ കവിതകളെല്ലാം കൂടെ ഒരുമിച്ചു ബയന്റു ചെയ്തിട്ടുള്ള ഒരു പുസ്തകംകൂടെ കൊണ്ടുപോരണം. തിരക്കിൽ മറന്നുപോകയില്ലല്ലോ. ഡാക്ടരുടെ ജീവചരിത്രം എനിക്കു വളരെ ആവശ്യമാണ്. അതു പ്രത്യേകം ഓർമ്മവേണം.

രഘു-എന്നാൽ ഞാൻ പോകട്ടെ. രണ്ടുദിവസം കഴിഞ്ഞു തിരിച്ചുവന്നെന്റെ ഓമനയെ കണ്ടുകൊള്ളാം. ഒന്നും മറന്നുപോകയില്ല. എന്നുപറഞ്ഞു കൈപിടിച്ചു യാത്ര പറയുന്ന അവസരത്തിൽ അവർ കാണിച്ച ചില ഗോഷ്ടികൾ കണ്ടു അടു [illegible] അവർ കാണാതെ നിന്നിരുന്ന ഞാൻ പൊട്ടിച്ചിരിച്ചുപോയി. തികച്ചും പ്രണയമുള്ളവരെ ഉണ്ടോ ആക്കെങ്കിലും അതിൽനിന്നു പിന്മാറുവാൻ സാധിക്കുന്നു. എന്റെ ചിരി വെറും ചിരിയായിതന്നെ കലാശിച്ചു. ഹാ! പ്രേമസുന്ദരമായ പ്രണയമെ! നീ വെരുവൃതാക എന്നാശംസിച്ചുകൊണ്ടു ഞാൻ പുറത്തേയ്ക്കിറങ്ങിപ്പോയി.

---

# ഈഴവസമുദായവും

## ചിലസമുദായസേവകന്മാരും.

(കെ. കെ. പണിക്കർ ബി. എ ബി. എൽ.)

പൊതുക്കാര്യങ്ങളെപ്പററിയുള്ള അന്വേഷണവും പൊതുക്കാര്യത്തിൽ ഇറങ്ങി പൊതുജനനന്മമാത്രം ലാക്കാക്കിയുള്ള പ്രവൃത്തിയും തിരുവിതാംകൂറിൽ എന്നല്ല ഇൻഡ്യയിൽ തന്നെ ഈ അടുത്തകാലംവരെ വളരെ കുറവായിട്ടു വിവിധഹൈന്ദവസമുദായങ്ങളിലും കണ്ടുവന്നിരുന്നുള്ളൂ. പാശ്ചാത്യ വിദ്യാഭ്യാസം നാട്ടിൽ പ്രചരിച്ചതിനോടുകൂടിയാണു പൊതുക്കാര്യത്തെപ്പററി ബോധത്തോടുകൂടിയുള്ള പ്രവൃത്തി നാട്ടുകാരുടെ ഇടയിൽ ഉണ്ടായതു്. പൊതുക്കാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും പാശ്ചാത്യ ലോകങ്ങൾക്കുകൂടി ബഹുമാനം തോന്നത്തക്ക ആരാദ്ധ്യപുരുഷന്മാർ ഇന്നു ബ്രിട്ടീഷിൻഡ്യയിലുണ്ടായിട്ടുണ്ടു്. മഹാത്മാഗാന്ധി, സി ആർ. ദാസ്, മോട്ടിലാൽ നെഹ്റു, മുതലായ

ത്യാഗികളും നിപുണന്മാരുമായ പ്രവർത്തകന്മാർ അവരുടെ തീക്ഷ്ണമായ യത്നംകൊണ്ടു പൊതുവായ എത്രയോ വലിയ സംഗതികൾ സാധിച്ചിരിക്കുന്നു.

പൊതുവെ അജ്ഞന്മാരും നിർദ്ധനന്മാരും കേവലം അടിമപ്രായന്മാരുമായി ജീവിച്ചിട്ടുള്ള അവർണ്ണഹിന്ദുക്കൾ പൊതു [illegible]ര്യങ്ങളെപ്പറ്റി ഈ അടുത്ത കാലംവരെ ചിന്തിക്കുക തന്നെ ചെയ്തിട്ടില്ല. അവർണ്ണരായ തിരുവിതാംകൂർ ഈഴവരിൽ നിന്ന് ആദ്യം വെളിപ്പെട്ട പൊതുകാര്യപ്രവർത്തകൻ മൈസൂർ ഡാക്ടർ. പി. പല്പു അവർകളാണു. അദ്ദേഹം ഏകനായും നിസ്വാർത്ഥനായും പ്രവർത്തിച്ച കാലത്തു ഈഴവസമുദായത്തിനു വിദ്യാഭ്യാസസൌകര്യമോ സർക്കാർ സർവീസിൽ പ്രവേശനമോ [illegible]ക്കവാറും ഇല്ലായിരുന്നു. "കരയുന്നകുഞ്ഞിനെപാലുള്ളൂ" എന്നുള്ള ആപ്തവാക്യം പൊതുകാര്യത്തിലും രാഷ്ട്രീയകാര്യത്തിലും മറ്റെല്ലാകാര്യങ്ങളേക്കാൾ കൂടുതൽ സാധുത്വമുള്ള ഒരു പരമാർത്ഥമാകുന്നു. ഈ വാസ്തവം മനസ്സിലാക്കി ഡാക്ടർ പല്പു പല ശ്രമങ്ങളും ചെയ്തകൂട്ടത്തിൽ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലേക്കും അധീശഗവർമ്മെൻറിനും പല മെമ്മോറിയലുകൾ അയച്ച സംഗതി പ്രത്യേകം സ്മരണീയങ്ങളാണ്. ഈ മെമ്മോറിയലുകളുടെയും ശ്രമങ്ങളുടെയും ഫലങ്ങൾ കൊണ്ടാണു ഈഴവർക്ക് നാടാകെ പള്ളിക്കൂടങ്ങൾ തുറന്നുകൊടുത്തതും ഉയന്നഉദ്യോഗങ്ങളിൽ പ്രവേശനം കിട്ടിയതും എന്നുള്ളതു ചരിത്രസംബന്ധമായ വാസ്തവമാണു. എങ്കിലും ഇപ്പോഴത്തെ എസ്. എൻ. ഡി. പി. യോഗം ദേവസ്വം സിക്രട്ടറി സി. വി. കുഞ്ഞുരാമൻ അവർകൾ അതു സമ്മതിച്ചുകൊടുക്കുന്നില്ല.

യഥാർത്ഥസമുദായസേവകനായ ഡാക്ടർ പല്പുവിൻെറ പ്രക്ഷോഭണകാലത്തുതന്നെ സമുദായസേവനവിഷയത്തിൽ മുന്നണിയിൽ വന്നൊരു നേതാവു മഹാകവി കുമാരനാശാനായിരുന്നു. ഈഴവസമുദായത്തെ നാനാമുഖമായിട്ടു മുന്നോട്ടുകൊണ്ടുവരണമെന്നുള്ള ഏകചിന്തയോടുകൂടി എസ്. എൻ. ഡി. പി. യോഗംവഴി അദ്ദേഹം വലിയവേലചെയ്തിരുന്നു. അദ്ദേഹത്തിൻെറ ശ്രമഫലമായി ൨൦൦൦ ത്തോളം മെമ്പർമാരെ എസ്. എൻ. ഡി. പി. യോഗത്തിൽ ചേർക്കുകയും ആണ്ടുതോറും വാർഷികയോഗം കൂടുമ്പോൾ പൊതുജനങ്ങൾക്കു വേണ്ടപ്പെട്ട കാര്യങ്ങൾ ജനങ്ങളെ പ്രസംഗങ്ങൾ മൂലവും മറ്റും അറിയിക്കയും ചെയ്തുവന്നു. കൂടാതെ പത്രപ്രവൃത്തിയും സാഹിത്യപരിശ്രമവും

കൊണ്ടു സമുദായത്തിനു ഒരു മഹനീയമായ ആദർശവും പ്രബുദ്ധതയും അദ്ദേഹം നൽകി.

ഈ മഹാകവിയുടെ സമുദായസേവനത്തിന്റെ അന്തിമഘട്ടത്തിൽ എസ്. എൻ. ഡി. പി. യോഗംവഴിയുള്ള അദ്ദേഹത്തിന്റെ ശ്രമത്തിനു പല കാരണങ്ങൾകൊണ്ടും മാന്ദ്യം ഭവിച്ചു. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതി യോഗത്തിനാദ്യകാലംമുതൽ ഉണ്ടായ ധനദുർഭിക്ഷതയാണു. യോഗത്തിന്റെ ഈ ഘട്ടത്തിലാണു് മി. ടി. കെ. മാധവൻ സമുദായസേവനത്തിനു മുന്നിട്ടിറങ്ങിയതു. മി. മാധവന്റെ ശ്രമത്തിന്റെ ആദ്യഘട്ടത്തിൽ മഹാസമുദായസ്നേഹിയും നീതിനിഷ്ഠനുമായ മി. എൻ. കുമാരൻ ജനറൽ സെക്രട്ടറിസ്ഥാനം വഹിച്ചിരുന്നു. ജനറൽസെക്രട്ടറിക്കു മി. മാധവൻ സാമുദായികവേല തുടങ്ങിയപ്പോൾ മുതൽ വാർഷികയോഗം കൂടുന്നതിനും മററുമുള്ള ശ്രമം വളരെ ചുരുങ്ങിവന്നു. യോഗങ്ങൾ അടിക്കടി വിപുലമായും കാൺഗ്രസ്സുരീതിയിലും നടന്നുതുടങ്ങി. ഈ കാലങ്ങളിൽ യോഗത്തിന്റെ അനുവാദവും അഭിപ്രായവും കൂടാതെ ക്ഷേത്രപ്രവേശനവാദം, മദ്യവർജ്ജനം, വൈക്കംസത്യാഗ്രഹം, ഈഴവറെഗുലേഷൻ നിർമ്മാണം ഇവയെ മി. മാധവൻ മുന്നോട്ടു കൊണ്ടുവന്നു വലിയ പ്രചരണവേല നടത്തി. ഈവക വാദങ്ങൾ ഒന്നും ആരംഭത്തിൽ യോഗത്തിന്റെ പേരിലല്ല തുടങ്ങിയതെങ്കിലും അന്നത്തെ ജനറൽ സെക്രട്ടറിയുടെ നയവിശേഷംകൊണ്ടു യോഗത്തിന്റെ സഹായം ഈ നല്ലകാര്യങ്ങളിൽ വേണ്ടപ്പോഴെല്ലാം ഉണ്ടായിക്കൊണ്ടിരുന്നു. എപ്പോഴും അന്നത്തെ യോഗംസെക്രട്ടറിയുടെ അനുഭാവം ഈവക സംരംഭങ്ങൾക്കുണ്ടായിരുന്നു എന്നു മാത്രമല്ല, സത്യാഗ്രഹത്തിലും, റെഗുലേഷൻ വിഷയത്തിലും, മദ്യവർജ്ജനശ്രമത്തിലും അദ്ദേഹത്തിന്റെയും യോഗത്തിന്റെയും സാരമായ പിറകുതുണ മി. മാധവനു കിട്ടിയുമിരുന്നു. ഈവക പ്രസ്ഥാനങ്ങൾകൊണ്ടു മി. മാധവൻ ഈഴവസമുദായത്തിനും മററു സമുദായങ്ങൾക്കുമുണ്ടാക്കിയിട്ടുള്ള ഉണർവ്വും അന്യോന്യസമഭാവനയും നീതിബോധവും സർവ്വവിദിതമാണു്.

മി. മാധവന്റെ സമുദായസേവനവിഷയത്തിലുള്ള നിസ്തുല്യമായ പ്രവൃത്തി അദ്ദേഹത്തിന്റെ എസ്. എൻ. ഡി. പി. സംഘടനയാണു്. മി. മാധവന്റെ സംഘടനക്കാലം വരെയുള്ള പലരുടെ ശ്രമഫലമായി എസ്. എൻ. ഡി. പി. യോഗത്തിനു ൪൦൦൦ അംഗങ്ങളെത്തന്നെ ൨൫ കൊല്ലംകൊണ്ടു സമ്പാദിക്കാൻ

കഴിഞ്ഞിട്ടില്ല. മി. മാധവനാകട്ടെ കടവുംകടിശികയുമായി മൂന്നു കൊല്ലം മുമ്പുവരെ കഴിഞ്ഞ യോഗത്തെ ഒരു കൊല്ലംകൊണ്ടു ൬൦൦൦ അംഗങ്ങളും അസംഖ്യം രൂപാ സ്വത്തുമുള്ള ഒരു സ്ഥാപനമാക്കി. അംഗങ്ങളും സ്വത്തും ഉണ്ടായതിനേക്കാൾ മെച്ചമായ ഒരു കാര്യം അദ്ദേഹം ഈ അവസരത്തിൽ സാധിച്ചു. അതായതു് അദ്ദേഹത്തെ അധികാരപ്പെടുത്തിയ പരിധിയെ കടന്നു സംഘാംഗങ്ങളായിട്ടുള്ളവരെയെല്ലാം പ്രാദേശികമായി ശാഖായോഗങ്ങൾ രൂപീകരിച്ചു സംഘടിപ്പിച്ചു എസ്. എൻ. ഡി. പി. യൂണിയൻ ഉണ്ടാക്കിയതാണു്. ഈ ശാഖായോഗസ്ഥാപനവും യൂണിയൻ സ്ഥാപനവും കൊണ്ടു മി-മാധവൻ സമുദായത്തിനു ചെയ്തിരിക്കുന്ന അനുഗ്രഹം വിലമതിക്കത്തക്കതല്ല.

സമുദായത്തിനു അപ്പഴപ്പോൾ ആവശ്യമുള്ള പരിഷ്കാരങ്ങൾ ഉണ്ടാക്കുന്നതിനും അവകാശങ്ങൾ സമ്പാദിക്കുന്നതിനും, യാതൊരാരോഗ്യവുമില്ലാത്ത ഈ രോഗാതുരൻ സദാ സന്നദ്ധനാണു്. അദ്ദേഹത്തിന്റെ ആ വിധത്തിലുള്ള സന്നദ്ധതയുടെ ഒരു ദൃഷ്ടാന്തമാണു ഇപ്പോൾ നടക്കുന്ന മെമ്മോറിയൽ പ്രക്ഷോഭണം. ഏതു ക്ലേശകരമായ സംഗതികളും സാധിക്കുന്നതിനു ലഘുവായ ചില രീതികൾ കണ്ടുപിടിക്കുന്നതിനും സംഗതി ഉദ്ദേശം പോലെ ഉള്ള സ്ഥലത്തു കൊണ്ടെത്തിക്കുന്നതിനും ഈ മാന്യദേഹം കാണിച്ചുവരുന്ന പാടവം ഒന്നു് വേറെതന്നെയാണു്.

ഇപ്പോൾ വൈസ്രോയിക്കു കൊടുത്ത മെമ്മോറിയലും റീജന്റു തിരുമനസ്സിൽ നിന്നു നേരിട്ടു സ്വീകരിക്കയില്ലെന്നു പറഞ്ഞ മെമ്മോറിയലും ൫൦,൦൦൦ ആളുകളെക്കൊണ്ടു ഒപ്പിടുവിച്ചു തയാറാക്കുന്നതിനുള്ള പ്രവൃത്തി കഷ്ടിച്ചു രണ്ടു മാസക്കാലംകൊണ്ടാണു് ചാത്തുസ്സ്തോതാടുക്രാസിസാധിച്ചതു്. ഒരു മെമ്മോറിയൽ വൈസ്രോയിക്കു കൊടുക്കണമെന്നുള്ള സമുദായാകാംക്ഷയെ ഇപ്പോഴത്തെ യോഗം ജനറൽസെക്രട്ടറിമാർ ആലോചനകാലം മുതൽ കൊടുത്തകാലംവരെ തടയുകയാണു് ചെയ്തിട്ടുള്ളതു്. എങ്കിലും ഉദ്ദേശിച്ചപോലെതന്നെ മി. മാധവൻ ഉത്സാഹിച്ചു മെമ്മോറിയൽ വൈസ്രോയിക്കു കൊടുക്കുകതന്നെ ചെയ്തു. ഈ അവസരത്തിൽ ജനറൽസെക്രട്ടറിമാരോടു രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു

ഇപ്പോഴത്തെ പ്രധാനസെക്രട്ടറി മി. എം. ഗോവിന്ദനാണ്. ഇദ്ദേഹം കഴിഞ്ഞ മീനമാസംവരെ സക്കാർസർവീസിൽ ഇരിക്കുകയായിരുന്നു. സർവീസിലിരുന്നപ്പോഴുള്ള അധികാരപ്രാബല്യം ആജ്ഞാശീലവും ഇപ്പോഴും വിട്ടുപിരിഞ്ഞിട്ടില്ലാത്ത മട്ടിലാണ് അദ്ദേഹം സമുദായത്തോടു പെരുമാറിവരുന്നതു്. ഇദ്ദേഹം എസ്. എൻ. ഡി. പി. യോഗത്തിന്റെ ആദിമകാലത്തിൽ യോഗസംബന്ധമായ സംഗതികളിൽ കുറേശ്ശെയൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. ആകാലത്തെ ഈഴവർ അദ്ദേഹം പറയുന്ന അഭിപ്രായങ്ങളെ വിവേചനം ചെയ്യാതെ ആട്ടിൻകുട്ടികളെപ്പോലെ അനുസരിച്ചുവന്ന മനസ്ഥിതി ഇന്നും സമുദായത്തിൽ ശേഷിച്ചിരിക്കുന്നു എന്നുള്ള ധാരണയിൽ അദ്ദേഹം പ്രവർത്തിച്ചുവരികയല്ലേ എന്നു പ്രബലമായി ഊഹിക്കേണ്ടിയിരിക്കുന്നു. അധികാരം നടത്തിയുള്ള ശീലംകൊണ്ട് ജനറൽ സെക്രട്ടറി സമുദായത്തിന്റെ ആജ്ഞയനുവർത്തിക്കേണ്ട ഒരു പ്രവർത്തകൻ മാത്രമായിരിക്കണമെന്നുള്ള തത്വംതന്നെ മറന്നതുപോലെയദ്ദേഹം സമുദായകാര്യങ്ങൾ നടത്തിവരുന്നു. ജനറൽസെക്രട്ടറിയുടെ വ്യക്തിപരമായ അഭിപ്രായം എന്തുതന്നെയായിരുന്നാലും സെക്രട്ടറിയായിരിക്കുന്നിടത്തോളം കാലം അദ്ദേഹം സമുദായാജ്ഞ നടത്തേണ്ട സമുദായദാസനാണ്. അതിനു നിവൃത്തിയില്ലെങ്കിൽ തന്റെ സെക്രട്ടറിസ്ഥാനം മാനമായി രാജിവച്ചു ഉടനെ ഒഴിയേണ്ടതാണ്. ഒരു പെൻഷൻഉദ്യോഗസ്ഥനായ അദ്ദേഹം സമുദായകാര്യങ്ങളിൽ തന്റേടത്തോടുകൂടി പ്രവർത്തിക്കേണ്ടിവരുമ്പോൾ വിമ്പിച്ചുപോകാനിടയുണ്ടെന്നും സെക്രട്ടറിസ്ഥാനം അതിനാൽ കയ്യേൽക്കരുതെന്നും ആ സ്ഥാനാർത്ഥിയായി കഴിഞ്ഞയാണ്ടിൽ അദ്ദേഹം കോട്ടയം പൊതുയോഗത്തിൽ ഹാജരായപ്പോൾ പലരും പറഞ്ഞതാണ്. അന്നദ്ദേഹം ജനങ്ങളോടു പറഞ്ഞതിനും തന്റെ സെക്രട്ടറിസ്ഥാനത്തിനും ചേർച്ചയല്ലാത്ത പല പ്രവൃത്തികളും മെമ്മോറിയൽ പ്രക്ഷോഭണാരംഭം മുതൽ അദ്ദേഹത്തിൽനിന്നു വന്നിരിക്കുന്നു. അദ്ദേഹത്തിനെ സെക്രട്ടറിയാക്കരുതെന്നു കോട്ടയത്തുവച്ചു പറഞ്ഞവരുടെ മി. സി. കേശവൻ ഒരു പ്രവാചകനാണെന്നിപ്പോൾ സമുദായമദ്ധ്യത്തിൽ സംസാരം പരന്നിരിക്കുന്നു. ഈഴവസമുദായത്തിന്റെ കണ്ണിലുണ്ണിയായ മി. ടീ. കെ. മാധവനും ഈഴവസമുദായത്തെ സഹായിക്കാനും അവരുടെ ആവശ്യങ്ങളെ പരിഹരിക്കാനും ബദ്ധകങ്കണന്മാരായ നായർസമുദായത്തിനും ഗവൺമെന്റിനും പല തെറ്റിദ്ധാരണകളും വെറുപ്പും

ണ്ടാകുന്നതുകൊണ്ടു ചില സമയം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ എസ്. എൻ. ഡി. പി. യോഗം സ്വീകരിച്ചിരിക്കുന്നു എന്ന് ബഹുജനങ്ങളുടെയിടയിൽ സംസാരമായിരിക്കുന്നു. ഈ നിലയിൽ അദ്ദേഹത്തെപ്പററി ഒരഭിപ്രായം സമുദായത്തിൽ പരന്നിട്ടുള്ളതു മാററാൻ അദ്ദേഹം ശ്രമിക്കാത്തപക്ഷം അദ്ദേഹത്തോടു സമുദായത്തിനുള്ള വിശ്വാസം ഇല്ലാതാകും. മി. സി. വി. കുഞ്ഞുരാമന്റെ സ്വഭാവം സർവ്വർക്കും അറിയാവുന്നതാണ്. യാതൊരു കാര്യത്തിലും ഹൃദയപൂർവ്വമായി പ്രവർത്തിക്കയോ യാതൊരു കാര്യത്തേയും ശക്തിയായി എതിർക്കാതിരിക്കയോ ചെയ്യുന്നതു് അദ്ദേഹത്തിന്റെ ശീലമല്ല. തലനാരുകീറി ന്യായമില്ലാത്തിടത്തു ന്യായം കാണിക്കുന്നതാണു അദ്ദേഹത്തിന്റെ സാധാരണ യുക്തിവാദം. മലയാളഭാഷയിലുള്ള വാചകരചനാസാമർത്ഥ്യമാണു അദ്ദേഹത്തിനെ പ്രശസ്തനാക്കീട്ടുള്ള പ്രധാന സംഗതി. ഈഴവസമുദായം തുടങ്ങിയിട്ടുള്ള ഏതെങ്കിലും നല്ല കാര്യത്തിൽ അദ്ദേഹത്തിന്റെ എതിരഭിപ്രായമുണ്ടാകാതെയിരുന്നിട്ടുണ്ടോ എന്നു സംശയമാണ്. മദ്യവർജ്ജനകാര്യത്തിൽ അദ്ദേഹം സമുദായത്തിനു പൊതുവിലുണ്ടായിരുന്ന അഭിപ്രായത്തിനു വിപരീതക്കാരനായിരുന്നു. ഈഴവാള്ളലേഖൻ ഇന്നു പരസ്യരൂപത്തിൽ നടപ്പിലാക്കാതെ മിശ്രമായും സ്ഥാപിക്കാനാണു അദ്ദേഹം കേരളകൌമുദിപ്പത്രംതന്നെ തുടങ്ങിയതു്. വൈക്കം സത്യാഗ്രഹത്തിനു ഇന്നാമെമ്മോറിയൽപ്രക്ഷോഭണത്തിനു എതിരുകാണിച്ചവിധമെല്ലാം അദ്ദേഹം വളരെ എളിതു പറകയും എഴുതുകയും ചെയ്തതാണു്. സംഘടനാപ്രസ്ഥാനവുംകൊണ്ടു് ടി. കെ. മാധവനവർകൾ ഇറങ്ങിയപ്പോൾ ആളുകൾക്കതിനെപ്പററി വൈമനസ്യവും വെറുപ്പും തോന്നത്തക്ക പല പ്രസംഗങ്ങൾ പറകയും എഴുതുകയും ചെയ്തു. ഇപ്പോൾ മെമ്മോറിയൽ പ്രക്ഷോഭണത്തിന്റെ ആലോചന തുടങ്ങിയപ്പോൾ മുതൽ അദ്ദേഹം തന്റെ പതിവായ എതിർപ്പും തലനാരുകീറിയുള്ള യുക്തിവാദവും നാളതുവരെ നടത്തിക്കൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ അഭിപ്രായം വൈസ്രോയി കൗൺസൽപ്രശ്നം വന്നപ്പോൾ അദ്ദേഹം ഉൾപ്പെടെ പല സർക്കാരുദ്യോഗസ്ഥന്മാർ ഈഴവരിലുണ്ടായിരുന്നു എന്നും, ഈഴവ പെൺകുട്ടികൾ കൂടി സർക്കാർ സ്കൂളുകളിൽ പഠിച്ചു സർവ്വീസിൽ പ്രവേശിച്ചു കഴിഞ്ഞു എന്നും കൗൺസൽ പ്രശ്നവിനു [illegible]ടത്ത മെമ്മോറിയൽ നിഷ്പ്രയോജനമായിരുന്നു എന്നുമാണ്. ഈഴവർക്കു സർക്കാർ സർവ്വീസിൽ [illegible] വശിക്കുന്ന കാര്യമല്ലെന്നു

ഗവൎമ്മെണ്ടിന്റെ മെമ്മോറിയൽ വഴി അറിയിക്കുവാനൊന്നു
മില്ലെന്നും അദ്ദേഹം കണ്ടുപിടിച്ചു പരസ്യം ചെയ്തി
രിക്കുന്നു. നിയമസഭ പ്രജാസഭ ഇവയിൽ ഈഴവൎക്കുള്ള അ
സമത്വവും സങ്കടവും, മറ്റു പലവിധ സങ്കടങ്ങളും ഗവൎമ്മെ
ണ്ടിനോടു നിവേദനം ചെയ്യുന്നതബദ്ധമാണെന്നാണ് അദ്ദേഹ
ത്തിന്റെ അഭിപ്രായം. പാർല്ലമെന്റിൽ നിവേദനം നടത്തു
ന്നതും League of nation "ലീഗ് ആഫ് നേഷനിൽ" സങ്കടം ബോ
ധിപ്പിക്കുന്നതും ഐ. സി. എസ്. മുതലായ ഉന്നതവിദ്യാ
ഭ്യാസത്തിനു ഈഴവരെ നിയമിക്കുന്നതുമാണു ഈഴവൎക്കാവശ്യമെ
ന്നും അദ്ദേഹം പ്രസംഗിക്കുന്നു. ഇതിന്റെയെല്ലാം അൎത്ഥം എ
ന്തെങ്കിലും പ്രയോജനകരമായ സമുദായ വേലയ്ക്ക് തടസ്സം വ
രാനുള്ള മാൎഗ്ഗങ്ങൾ പറഞ്ഞു ജനങ്ങളെ വലക്കണമെന്നല്ലെങ്കിൽ
എന്താണെന്നു മനസ്സിലാകുന്നില്ല. യോഗം വക വ്യവഹാരകാ
ൎയ്യം നോക്കി ശരിയായി അന്വേഷിക്കാൻ നിയുക്തനായ അദ്ദേ
ഹം അതിലേക്കു പ്രതിമാസം ൫൦ രൂപാ സമുദായത്തോടു വാ
ങ്ങിക്കാൻ ബഡ്ജറ്റ് ചെയ്യിച്ചിട്ടുമുണ്ട്. എങ്കിലും ആ വ്യ
വഹാരസംഗതിയിൽ അദ്ദേഹം വേണ്ടിടത്തോളം ശുഷ്കാന്തി
കാണിക്കുന്നില്ലായെന്നൊരു സംസാരമുള്ളതിൽ വാസ്തവമില്ലെ
ങ്കിൽ അദ്ദേഹം ആ കാൎയ്യത്തെപ്പറ്റി ഇന്നതിന്നായി പ്രവൎത്തിക്കു
ന്നു എന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കടപ്പെട്ടവനാണ്.
മെ. സി. വി. കുഞ്ഞുരാമനും ഗോവിന്ദനും സിക്രട്ടറിമാരായിട്ടു
യോഗം ആജ്ഞാപിക്കുന്ന സംഗതികൾ അനുഷ്ഠിക്കുന്നതാണോ.
തങ്ങളുടെ ചുമതലയെന്നും, അതല്ല തങ്ങൾക്കു സ്വമേധയാ
യിട്ടു തോന്നുന്ന അഭിപ്രായങ്ങൾ സമുദായ ഹിതത്തിനു വിപ
രീതമായി നടത്തുന്നതാണോ സിക്രട്ടറിയുദ്യോഗത്തിന്റെ ചു
മതലയെന്നും പ്രസ്താവിച്ചു കണ്ടാൽ കൊള്ളാം.

സ്വസമുദായ നന്മക്കു പ്രവൎത്തിക്കുന്നവരേയും സഹോദ
രസമുദായങ്ങളേയും പറ്റി ഗവൎമ്മെന്റിനും ജനങ്ങൾക്കും
പൊതുവെ അതൃപ്തിതോന്നത്തക്ക കൗൺസിൽ നിശ്ചയങ്ങ
ളും മറ്റും പാസാക്കി പരസ്യം ചെയ്യുന്നതിൽ ശുഷ്കാ
ന്തി കാണിക്കുന്ന സിക്രട്ടറിമാർ തങ്ങളെ സമുദായമേൽപി
ച്ചിട്ടുള്ള കൃത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പുതിയ യോ
ഗം റൂൾസ് എഴുതിതീൎത്തു പാസാക്കി രജിസ്റ്റർ ചെയ്യിക്കു
ക മുതലായ സമുദായ കൃത്യങ്ങളിൽ കുറെ ശ്രദ്ധ പതിക്കാ
ൻ സമയമെടുത്തു കണ്ടാൽ കൊള്ളാമായിരുന്നു. ഈഴവരെ

കപ്പാടെയുള്ള അവർണ്ണ സമുദായങ്ങളിൽ ജഗദീശ്വരൻ ഒരു ഗാന്ധിയേയോ സി. ആർ. ദാസിനേയോ എന്നാണയക്കുമെന്നാരുകണ്ടു- ഏതായാലും അവർണ്ണർക്കിപ്പോൾ ദീർഘശ്വാസം വിട്ടുകൊണ്ടു ഭാവിസുവർണ്ണകാലത്തെ പ്രതീക്ഷിക്കാനല്ലേ നിർവാഹമുള്ളൂ. ക്ഷേത്രപ്രവേശനത്തിനും ഹിന്ദുമതപരിഷ്കാരത്തിനും ശ്രമിക്കാതെ ഈഴവർ ക്രിസ്തുമതമവലംബിക്കാൻ ശ്രമിക്കയാണു നല്ലതെന്നു മി. സി. എൻ. മാധവൻപിള്ള എം. ഏ. ബി. എൽ. പറയുന്നതു ശരിയാണെന്നു തോന്നുന്നതു ഈമാതിരി ഘട്ടങ്ങളിലാണു്.

---

## സമുദായദ്രോഹമോ സ്വാർത്ഥലാഭമോ?

എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ൨൩-ാമതു വാർഷികസമ്മേളനത്തിൽവച്ചു റിട്ടയാർഡ് ഡിസ്ട്രിക്റ്റ് ജഡ്ജി എം. ഗോവിന്ദനവർകൾ ബി. ഏ. ബി. എൽ. ജനറൽ സിക്രട്ടറിയായി യോഗം തിരഞ്ഞെടുക്കപ്പെട്ടതിൽ ഞങ്ങൾക്കുണ്ടായ അപാരമായ സന്തോഷത്തെ അന്നു ഈ പംക്തിയിൽതന്നെ രേഖപ്പെടുത്തിയിരുന്നു. "ഉത്തമപുരുഷന്മാരുടെ ചിത്തം വജ്രത്തിലും കഠിനം. നൽത്താരിലും മൃദുതരം" എന്നു പറയുംപോലെയുള്ള നിഷ്കളങ്കസമുദായസ്നേഹിയും യഥാർത്ഥ സമുദായനേതാവുമായ മി: ടി. കെ. മാധവനെ വീണ്ടും സംഘനാസിക്രട്ടറിയായി തിരഞ്ഞെടുത്തതിലും ഞങ്ങൾ അഭിനന്ദിച്ചിരുന്നു. എന്നാൽ മി. ഗോവിന്ദൻ മി. മാധവനെപ്പോലെ ഒരു ശരിയായ സമുദായപ്രവർത്തകനായതുകൊണ്ടല്ല അന്നു അനുമോദിക്കാനിടയായതു്. അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തു് ഈഴവരോടു കാണിച്ച നിന്ദ്യവും നിർല്ലജ്ജവുമായ പെരുമാററത്തെ വിസ്മരിക്കയും അവസരത്തിൽ ചെയ്തിരുന്നില്ല. എങ്കിലും തന്റെ ഇരുപത്തിമൂന്നു കൊല്ലത്തെ ഉദ്യോഗജീവിതം ഗവമ്മെണ്ടിന്റെ പ്രീതിക്കുവേണ്ടി ബലികഴിച്ചിരുന്നതിനാൽ ജനറൽ സിക്രട്ടറിസ്ഥാനവും സമുദായത്തിനായി വിനിയോഗിക്കും എന്നുള്ള ഉത്തമ വിശ്വാസം കൊണ്ടുമാത്രമായിരുന്നു. ന്യായാസനങ്ങളിലിരുന്നു ഭരണം നടത്തുന്നതുപോലെ അല്ല സമുദായഭരണകൃത്യനിർവഹണമെന്നുള്ളതു് മി. ഗോവിന്ദൻ പഠിച്ചിട്ടില്ലെങ്കിൽ "സമുദായസേവനം" എന്ന പദത്തിന്റെ അർത്ഥം മുതൽ അദ്ദേഹം പാഠം ചെയ്യേണ്ടിയിരിക്കുന്നു. സമുദായത്തിന്റെ ഭാവിനന്മക്കുതകുന്ന കാലോചിതമായ പ്രക്ഷോഭണങ്ങൾ നടത്തണമെന്നു സമുദായാംഗങ്ങൾ മുറവിളി കൂട്ടുമ്പോഴല്ല നേതാക്കന്മാർ കണ്ണുതുറക്കേണ്ടതു്. മി: മാധവനുള്ള ഒരു വിശിഷ്ടഗുണം അതു

കന്ന ക്ഷേത്രപ്രവേശനം, മധ്യവർജ്ജനപ്രക്ഷോഭണം, വൈക്കം സത്യാഗ്രഹം മുതലായി നമ്മുടെ ഭാവിനന്മയ്ക്കുതകുന്ന പ്രസ്ഥാനങ്ങളുടെ ജനയിതാവ് മി: മാധവനാകുന്നു. ഇതിന്റെ എല്ലാം ആരംഭഘട്ടങ്ങളിൽ മി: സി. വി. കുഞ്ഞുരാമൻ മുതലായ സമുദായമുഖ്യന്മാർ പോലും എതിർത്തിട്ടുണ്ടെന്നറിയുമ്പോൾ സമുദായനന്മയെ ലക്ഷീകരിച്ച മി: മാധവൻ എന്തുമാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ശകാരം കേൾക്കുകയും ചെയ്തിട്ടുണ്ടെന്നു സ്പഷ്ടമാകുമല്ലോ.? ഉദ്ദേശശുദ്ധിയോടും നിസ്വാർത്ഥതയോടും കൂടി തുടങ്ങുന്ന സംരംഭങ്ങൾ എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടായാലും വിജയപര്യവസായിയായി മാറുമെന്നു ആ ബുദ്ധിമാൻ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടായിരിക്കണം. അതുകൊണ്ടുതന്നെയായിരിക്കണം വൈരിവർഗ്ഗങ്ങളുടെ എതിർപ്പിലും ആക്ഷേപവർഷങ്ങളിലും അദ്ദേഹം പുഞ്ചിരി തൂകിക്കാണുന്നത്. ശ്രദ്ധശത്രുക്കളുടെ കാപട്യപ്രയോഗങ്ങളൊന്നും അദ്ദേഹത്തോടു ഫലിക്കയില്ലെന്നുള്ളതു് തന്റെ പ്രജാസഭാസ്ഥാനം തൃണസദൃശം വലിച്ചെറിഞ്ഞതിൽനിന്നും ഊഹിക്കാവുന്നതാണ്. ആന തരാം കുതിര തരാം എന്നെല്ലാം പറഞ്ഞാലും മി. മാധവനോടു ഫലിക്കയില്ല. ഒരു സനാതനഹിന്ദുവാണെന്ന ന്യൂനതയല്ലാതെ എത്ര പൗരോഭാഗ്യം വച്ചു നോക്കിയിട്ടും യാതൊരു കുറ്റവും ദൂഷ്യമുള്ളവർക്കു കാണ്മാൻ കഴിയുന്നില്ല. മി. മാധവന്റെ യഥാർത്ഥഗുണഗണങ്ങളെ വിവരിക്കുന്നവർ അദ്ദേഹത്തിന്റെ പാർശ്വവർത്തികളും അനുചരന്മാരുമാണെന്നു അനവസരത്തിലുള്ള ഉത്തരം ചില കുബുദ്ധികൾ പറഞ്ഞു പരത്താറുണ്ട്. ആള് അദ്ദേഹത്തിന്റെ ജീവിതത്തിലസൂയയുള്ളവരും ഒററിക്കൊടുക്കാൻ തയ്യാറുള്ളവരുമാണെന്നേ ഞങ്ങൾക്കു ധരിക്കാൻ കഴിഞ്ഞിട്ടുള്ളു. അങ്ങിനെയുള്ളവരെ ആയിരിക്കാം "പുഞ്ചിരിനിലാവൊളിപുറത്തിങ്ങളകത്തായ് നെഞ്ചിൽ വിഷമായി മൊഴിയിൽ നല്ല നറുതേനായ് വഞ്ചനമുഴുത്ത്" ഭയങ്കരന്മാരെന്നു ലോകം ഗണിച്ചുവരുന്നതു്. അവർ തന്നെ ആണ് "പിതാകെട്ടിതന്നവരാംഗിയെ കുലടയെക്കാമിച്ചുകൊല്ലുന്നവർ" അല്ലയോ സ്വാർത്ഥഭൂതമേ നിന്റെ ക്രൂരവൃത്തിയാലെത്രയോ ജനങ്ങളാണു കഷ്ടപ്പെടുന്നതു്.

ക്ഷേത്രപ്രവേശനവാദത്തിൽ ഈഴവരേക്കാൾ തീക്ഷ്ണമായും സൗഹാർദ്ദമായും പണിയെടുപ്പാൻ നായർസമുദായനേതാക്കന്മാർ തയ്യാറാണെന്നു സവർണ്ണഹിന്ദു ജാഥാനേരത്തെ വെളിപ്പെടുത്തിയിട്ടുണ്ട്. പോരെങ്കിൽ ഓച്ചിറവച്ചു ഈയിടെ നടന്ന "ക്ഷേത്രപ്രവേശന"യോഗത്തിൽ മി മന്നം പത്മനാഭപിള്ളയും അനുയായികളും നമ്മോടനുകൂലിച്ചു പ്രവർത്തിച്ചതുതന്നെ ധാരാളം തെളിവാണ്. ഈ മാന്യന്മാരെയെല്ലാം അവഹേളിച്ചും നിരാശപ്പെടുത്തിയും ജനറൽ സെക്രട്ടറി ബന്ധപ്പെട്ട കൌൺസിൽ വിളിച്ചുകൂട്ടി ഈ പ്രവർത്തിയ്ക്കെതിരായി നിശ്ചയം പാസ്സാക്കിപരസ്യപ്പെടുത്തിയതിന്റെ അർത്ഥം സമുദായദ്രോഹമല്ലെങ്കിൽ മറെറന്താണ്.? ഈ വിധം സ്വാർത്ഥലാഭത്തെ മാത്രം കരുതി സമുദായത്തെ ചവിട്ടിത്തേക്കുന്ന ഈ നിഷ്ഠുരകൃത്യമ

ല്ലാതെ എന്തെല്ലാം നല്ല ജോലികൾ ജനറൽ സിക്രട്ടറി ചെയ്യേണ്ടതാണ്. ഈ സന്ദർഭത്തിൽ ഞങ്ങൾക്കൊരു വലിയ ഖേദം തോന്നുന്നുണ്ട്. കാസരോഗിയായ മി. മാധവനും സമുദായദ്രോഹിയായി മാറുമോ എന്നുള്ളതാണ്.

മി. സി. വി. കുഞ്ഞരാമൻ ജായിന്റുജനറൽ സിക്രട്ടറിയും ഭാഷാപോഷകനുമാണ്. ഇദ്ദേഹം ബഹുബുദ്ധിമാനും നല്ല ഗദ്യകാരനുമാണ്. ഏതു നല്ല കാര്യവും അസംബന്ധമാണെന്നു പറയുവാനും തന്റെ ബുദ്ധിയും ഗദ്യവും പാകപ്പെടുത്തി വച്ചിട്ടുണ്ട്. മാധവനർക്കൾ ക്കും കേറുന്നിടത്തു ഇദ്ദേഹം വെള്ളം കോരുന്ന സ്വഭാവക്കാരനാണെന്നു തോന്നും. സമുദായം തൊട്ടുകൂടുന്ന ഏതു സംഗതിക്കും ദോഷം മാത്രം പറഞ്ഞു പ്രതിമാസം യോഗംവക ൫൦ രൂപാ വാങ്ങിക്കാൻ അധികാരമുള്ള ഈ ഉദ്യോഗസ്ഥൻ തന്റെ സാഹിത്യം വഴിപ്പെടുത്തുകയില്ലെ നേയും അഴിച്ചുവിടുമെന്നുതന്നെ പറയാം. ധർമ്മസംഘവും യോഗവും തമ്മിലുള്ള കേസ്സ് ഏതു നിലയിലിരിക്കുന്നു എന്നു സമുദായത്തെ അറിയിക്കാൻ ഇതുവരെ സന്മനസ്സ് വന്നിട്ടില്ലാത്തതു കേസിന്റെ അവധികൾക്കു ഹാജരാകാൻ അദ്ദേഹത്തിനു സമയമില്ലാത്തതിനാലാണെന്നാണ് ജനസംസാരം. ഏതായാലും കാര്യം വെളിപ്പെട്ടുവരുമ്പോൾ നാം സന്തോഷിക്കത്തക്ക പദപ്രയോഗങ്ങൾ ധാരാളമായി ഉണ്ടായിരിക്കുമെന്നുള്ളതിനും യാതൊരു സംശയവുമില്ല.

ഈ രണ്ടു സിക്രട്ടറിമാരും നമ്മുടെ നേതാക്കന്മാരാണല്ലോ? ഇവരുടെ ശത്രുതയെക്കാൾ സ്നേഹത്തെയാണു നാം കൂടുതൽ ഭയപ്പെടേണ്ടതു്. ഇവർ നമ്മുടെ സമുദായത്തെ "ക്രൂശിൽ തറയ്ക്കുമോ" എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ഒരു വിശേഷാൽ പൊതുയോഗം ഉടനെ വിളിച്ചുകൂട്ടി "പരിനാശകരമാമിതികളൊട്ടുമുൻപേ" ഈ വന്ധ്യസമുദായനേതാക്കന്മാരിൽനിന്നും യോഗത്തെ വീണ്ടെടുത്തുരക്ഷിക്കേണ്ടതാണു. മി: മാധവനു സമുദായമദ്ധ്യത്തിൽ സിദ്ധിച്ച നിലയും വിലയും തങ്ങൾക്കില്ലല്ലോ എന്നുള്ള മനോവേദനയായിരിക്കണം ഇവരെ ഈ കുനയങ്ങൾ പ്രേരിപ്പിക്കുന്നതു്. അതിനാൽ ഇവർ സമുദായനേതാക്കന്മാരെന്നു പ്രഖ്യാപനം ചെയ്യുമ്പോൾ ഇവരുടെ മനസ്ഥിതിയും മാറുന്നതാണ്. അല്ലയോ സ്വാമിൻ! ശ്രീനാരായണാ! അങ്ങയുടെ പാവനമായ ആദർശത്തിലും സ്ഥാപനത്തിലും വിശ്വസിച്ച ഞങ്ങൾ നാവികനില്ലാത്ത തോണിപോലെയും നാഥനില്ലാത്ത കളരിപോലെയും താറുമാറായി അലയേണ്ടിവന്നല്ലോ എന്നോർത്തു് അത്യന്തം വ്യസനിക്കുന്നു. അങ്ങയുടെ പരിശുദ്ധമുഖകമലം ഞങ്ങളുടെ ഹൃദയതലത്തിൽനിന്നുവിട്ടു പിരിയുന്നില്ല. അവിടുത്തെ സ്ഥാപനത്തെ പരിപുഷ്ടിപ്പെടുത്തുന്നതിനും ആദർശത്തെ പ്രഖ്യാപനം ചെയ്യുന്നതിനും ഒരു കാസരോഗിയായ മാധവനും ഏതാനും ചെറുപ്പക്കാരും കൂടി നിഷ്കളങ്കം അത്യധ്വാനം ചെയ്യുന്നതു അവിടുന്നു അറിയുന്നുണ്ടായിരിക്കുമല്ലോ? അങ്ങയുടെ ആയുഷ്കാലം മുഴുവനും വിനിയോഗിച്ച ധർമ്മസംഗതികൾ

രി എന്തെല്ലാം "രാജ്യദ്രോഹികൾ" എന്നു തന്നാലും അവരെല്ലാം ഒന്നിച്ചുകൂടിയാലും ഞങ്ങൾ അതു നിറവേറ്റുവാൻ ബദ്ധശ്രദ്ധരായി ഇറങ്ങിയിരിക്കുന്നു. ഈ ഘട്ടത്തിൽ നിങ്ങളുടെ ദിവ്യകാരുണ്യംമാത്രമേ ഞങ്ങൾ അഭ്യർത്ഥിക്കുന്നുള്ളു.

## ഈഴവന്റെ രക്ഷാമാർഗ്ഗം.

ഹിന്ദുമതത്തിലെപ്പോലെ രാക്ഷസീയമായ അനാചാരങ്ങളാൽ ദുഷിച്ച ഒരു മതം ഈ ഭൂമുഖത്തില്ല. അതിലെ അവർണ്ണഹിന്ദുവായിരുന്നുകൊണ്ടുള്ള നമ്മുടെ പ്രയത്നങ്ങൾ വിഫലങ്ങളാണ്. അതു ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന മി. സി. കെ. കിട്ടന്റെ ലേഖനം വായിച്ചാലറിയാം. മി. ടി. കെ. മാധവനെ തിരുവാർപ്പിലിട്ടടിച്ചതും സത്യാഗ്രഹത്തിനറസ്റ്റ് ചെയ്തതും സനാതനഹിന്ദുവായതു കൊണ്ടു തന്നെ. നമ്മുടെ അഭ്യുന്നതിക്കുള്ള സകലവശങ്ങളും ഇരുമ്പുചങ്ങലവച്ചു പൂട്ടി നമ്മെ അടിമകളാക്കിത്തീർക്കുന്ന നിബന്ധനകളാണ് ഈ തുലഞ്ഞ മതത്തിലും മുടിഞ്ഞ ജാതിയിലും സ്ഥാപിതം ചെയ്യുന്നതു്. റോഡിൽ നടക്കുന്നതിനോ സത്രത്തിൽ താമസിക്കുന്നതിനോ പട്ടാളസമരത്തിൽ ചേരുന്നതിനോ ഹിന്ദുധർമ്മം അനുവദിക്കുന്നില്ല. സത്യധർമ്മാദികളുടെ രക്ഷാമാർഗ്ഗം ഈ ■ തത്തെ പുനരുദ്ധരിക്കാൻ പ്രവർത്തിക്കുമ്പോൾ പൂർവ്വാചാരവിരുദ്ധമെന്നു സവർണ്ണരും ഗവർമ്മെന്റും പറഞ്ഞു നമ്മെ തടയുകയും അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇതെല്ലാം ഈഴവനെന്നും ഹിന്ദുവെന്നും ഉള്ള കുഴപ്പമാണ്. സവർണ്ണർക്കുവേണ്ടി കെട്ടിപ്പെടുത്തിട്ടുള്ള ഹിന്ദുമതക്കോട്ടയിൽ ഈഴവനു് ഒരു കാര്യവുമില്ലെന്നുള്ള പരസ്യപ്രഖ്യാപനങ്ങളുമാണ്. ഈ അവമാനം സമുദായം സഹിക്കേണ്ട കാലമല്ലെന്നുള്ളതു തീർച്ചതന്നെയാണ്.

വിശ്വാസവശത്തുകൂടി നോക്കുകയാണെങ്കിൽ അതും ദുഷിച്ചതുതന്നെ. ബ്രാഹ്മണർ ദൈവങ്ങളാണെന്നും മുറജപാദിക്രിയകളാൽ അവരെ തീറ്റിപ്പോറ്റേണ്ടതാണെന്നും വിശ്വസിപ്പിക്കുന്നു. ഹിന്ദുക്കളെല്ലാം പട്ടക്കടിമകളാണ്. കുട്ടികളുണ്ടാകാത്ത തള്ളമാർ പോലും വഴിപാടു നടത്തണം. വഴിപാടെന്നു പറഞ്ഞാലതും പട്ടർക്കുന്നും സർവ്വാണിയും തന്നെ. പ്രാർത്ഥനകൾ ശൃംഗാരപരവും വിനോദകരവുമാണ്. "പാലാഴി മങ്കതൻ കൊങ്കപുണരുന്നകാലമാണ്" ഓരോ ഹിന്ദുവിനും കാണേണ്ടതു്. "ഗോപസ്ത്രീകളുടെ ചേലമോഷ്ടിച്ച" കൃഷ്ണനെ ധ്യാനിച്ചാണ് രസിക്കുന്നതു്. പിന്നെ പലതിലും വധങ്ങളാണ്. രാവണനെ നിഗ്രഹിച്ച രാമരാമഎന്നും മറ്റുമുള്ളതു ഉദാഹരണമാണ്. ചേർത്തല പൂരത്തിനും ഇതുപോലൊക്കെയെ കേട്ടിട്ടുള്ളു. ■ ഈ പ്രാർത്ഥനകളെല്ലാം എങ്ങിനെ രക്ഷ നൽകും എന്നു മനസ്സിലാകുന്നില്ല.

ഈഴവന്റെ രാഷ്ട്രീയ നില ഇതിലൊക്കെ ഭയങ്കരമാണ്. സർവീസിൽ അധികാരസ്ഥാനങ്ങളിലെല്ലാം പട്ടന്മാരാണ്. രാജ്യം

മുഴുവൻ അടിമക്കുടിമതന്നെയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. "ബ്രാഹ്മണോമമദൈവതം" എന്നുള്ള നിയമപ്രകാരം മി. വി. എസ്. സുബ്രഹ്മണ്യയ്യർ ദിവാനും ദൈവവുമാണ്. നം ഒരീഴവനെ പേഷ്കാരാക്കാൻ അപേക്ഷിച്ചിട്ടു ഈഴവരിൽ മുൻസിപ്പന്മാരില്ലെന്നുള്ള കുറവു പരിഹരിക്കാൻ അഭ്യർത്ഥിച്ചു നമ്മുടെ സ്വന്തം ഡിപ്പാർട്ടുമെന്റിൽ ഒരു അസിസ്റ്റന്റു കമ്മീഷണരുദ്യോഗം യാചിച്ചു. മറ്റു നാം കൊടുക്കുന്ന അപേക്ഷകൾക്കു പുറജാതിക്കാരാകയാൽ സർവ്വീസിൽ കടത്താൻ നിവൃത്തിയില്ലാത്തതാൽ ഗവൺമെന്റു വ്യസനിക്കുന്നതായിട്ടാണു മറുപടി കിട്ടിയിട്ടുള്ളതു്. ഇപ്പോൾ ഒഴിവില്ലെന്നുള്ള കാരണത്താൽ ഇന്നും ഗവൺമെന്റു വ്യസനിക്കുന്നുണ്ടു്. നാം ഇങ്ങനെ മേലാൽ ഗവൺമെന്റിനെ വ്യസനിപ്പിക്കുന്നതു് ഒരു നാളും ശരിയല്ലല്ലൊ. ?

ഹിന്ദുമതത്തെ പരിഷ്കരിക്കേണ്ടവർ പട്ടന്മാരാണ്. ചത്താലും അവരതിനു വരികയില്ല. എന്നല്ല നാം പ്രാണവേദനയുള്ളവരായിത്തീർന്നാലെ വിന്നവായനയിൽ അവർക്കു രുചി ഉണ്ടാകയുള്ളു. നായർസമുദായനേതാക്കന്മാർ ഹൃദയമുള്ളവരാണെങ്കിലും ഈ പാഴ്വേലയ്ക്കു വരും തുനിയുകയില്ല. അങ്ങിനെയാണ് ഈ മതം വാണുകൊണ്ടിരിക്കുന്നതു്. നേതാക്കന്മാരെ ഒഴിച്ചുള്ള മറ്റു നായന്മാരും പട്ടർക്കടിമകളുതന്നെ. ഇതാണു "ശങ്കരന്റെ ശൌര്യം" എന്ന ചെറുകഥയിൽ "പാത്രംതേപ്പുകാരായ നായന്മാർ എമ്പ്രന്റെ വാക്കു കേട്ടു ശങ്കരനെ തല്ലാൻ ചെന്നതായി" മി: കെ. പി. കയ്യലയ്ക്കൽ പറഞ്ഞിരിക്കുന്നതു? അതുതന്നെയാണു കൊഞ്ചുപോലെ വളഞ്ഞ 'ഓം'കാരംവച്ചിച്ചെറിഞ്ഞു നല്ല നട്ടെല്ലുള്ള (ഇംഗ്ലീഷ് ഐ) പോലെ ആയിത്തീരണമെന്നു മി: ടി. കെ. കിട്ടൻ പറയുന്നതു്. അതിനാൽ പരിഷ്കരണപദ്ധതി ഒരു നാളും സാദ്ധ്യമല്ല.

മാന്യസഹോദരന്മാരെ! ഇവ ഓരോന്നും ദയവായി ചിന്തിക്കണം. ഇന്നത്തെ പട്ടർ ഗവൺമെന്റോ സവർണ്ണരോ നമ്മെ രക്ഷിക്കയില്ല. ആലപ്പുഴ വച്ചുനടന്ന എസ്. എൻ. ഡി. പി. യോഗത്തിൽ മി: ടി. കെ. മാധവൻ മതം മാറണമെന്നു ശക്തിയായി വാദിച്ചതും ഇതുതന്നെ കാരണം. നമ്മുടെ രക്ഷ ക്രിസ്തുവിലാണ് സ്ഥിതിചെയ്യുന്നതു. ഇതെഴുതുന്നയാളതു വിശ്വസിച്ചുകഴിഞ്ഞു. അല്ലെന്നു നിങ്ങൾക്കാർക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ശരിയായ ഒരു വഴി കാണിച്ചുതരണം. നാം സ്വീകരിക്കുന്ന ഏതു പ്രസ്ഥാനവും നമ്മെ അയിത്തജാതിക്കാരനെന്നും പറഞ്ഞു വഴിനടത്താതിരിക്കരുതു്. ആത്മാഭിമാനവും പൌരുഷവും വിററുതിന്നാൻ അതു പഴുതാകരുതു്. നല്ല ആദർശശുദ്ധിയുള്ളതും സമഭാവനയുള്ളതും ആയിരിക്കണം. പട്ടർക്കോ മററുള്ളവർക്കോ ചവിട്ടി മെതിക്കുന്നതിനു പററിയതാകരുതു്. സർക്കാർ വക പൊതുസ്ഥലങ്ങളിൽ അതു പരിപൂർണ്ണസ്വാതന്ത്ര്യം നല്കണം. സ്നേഹിതരെ! ഹൃദയം ചുടുന്ന വേദനയാൽ രക്ഷാസ്ഥാനമന്വേഷിക്കുന്നു. വരുവിൻ! സഹകരിപ്പിൻ! നമ്മുടെ അവശതകൾ അടിയോടെ മാറട്ടെ!

Reg. No. T. 211 License No. 201

# ധൎമ്മധീരൻ.

രാഷ്ട്രീയകാൎയ്യപ്രതിപാദകമായ ഒരു സ്വതന്ത്രമാസിക.

പത്രാധിപർ എ. കെ. ശൎമ്മാ.

വരിസംഖ്യ എപ്പോഴും മുൻകൂർ.

ഒരു കൊല്ലത്തേക്കു ൨ രൂപ മാത്രം.

൧. മാസിക കിട്ടാതെ വരുന്ന വരിക്കാർ ദയവായി വിവരം ആഫീസിൽ അറിയിക്കണം.

൨. വരിസംഖ്യ അടച്ചുതീൎത്തിട്ടില്ലാത്ത മാന്യവരിക്കാർ ഇനിയെങ്കിലും താമസിപ്പിക്കാതെ പണം മണിയാർഡർ ആയച്ചുതരണമെന്നപേക്ഷ.

൩. ൨-ാം പുസ്തകം ൧-ാം ലക്കം മുതൽ ചില പരിഷ്കാരങ്ങൾ ചെയ്യണമെന്നും സൈസു വലുതാക്കണമെന്നും കരുതുന്നുണ്ട്.

൪. പത്രാധിപക്കുള്ള കത്തുകളും മണിയാർഡറുകളും താഴെ കാണുന്ന മേൽവിലാസത്തിലയക്കുക.

പത്രാധിപർ
ധൎമ്മധീരനാപ്പീസ്
മങ്കൊമ്പ്.

Printed and Published by A. K. Sarma Perasseri at the Devi Press, Kottayam.